# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുടാളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/953/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/10/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുടാളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുടാളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുടാളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/953/2021 തീയ്യതി: 06/10/2021

## കണ്ണൂർ ജില്ലയിലെ കുടാളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കുടാളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-07-2020 മുതൽ 04-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 12-08-2021 | 27-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2021 | 27-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫിസർ (ഹ.ഗ്രേ)
ശ്രീ. ഷഹീൻ. പി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീമതി. വനജ മാടത്താങ്കണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. നിഖില. എൻ. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി. പി. നൌഫൽ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി. ഷൈമ. പി.കെ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. രാജൻ. കെ. | സെക്രട്ടറി | 01-04-2020 | 09-03-2021 |
| ശ്രീമതി. സൌമ്യ ഫ്രാൻസിസ് | സെക്രട്ടറി | 10-03-2021 | 10-03-2021 |
| ശ്രീ. ദിനേശൻ പാറയിൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-03-2021 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിന്ദു. പി. എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 02-04-2020 |
| ശ്രീ. ദിനേശൻ പാറയിൽ | അസിസ്റ്റന്റ് സെക്രട്ടറി | 03-04-2020 | 31-03-2021 |
| ശ്രീ. ധർമ്മരാജൻ. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| ശ്രീ. എബിനു മഷൂദ്. എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2020 | 16-10-2020 |
| ശ്രീമതി. ആർദ്ര എസ് കൃഷ്ണ | അസിസ്റ്റന്റ് എഞ്ചിനീയർ | 17-10-2020 | 31-03-2021 |
| ഡോ. ജസ്ന മരിയ. പി. എൽ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. ശ്രീജിത്ത്. വി.കെ. | വി.ഇ.ഒ. കൂടാളി | 01-04-2020 | 31-03-2021 |
| ശ്രീമതി. ജോമോൾ ജോസ് | വി.ഇ.ഒ. പട്ടാന്നൂർ | 01-04-2020 | 31-03-2021 |
| ഡോ. സോനു ബി നായർ | മെഡിക്കൽ ഓഫീസർ FHC | 01-04-2020 | 31-03-2021 |
| ഡോ. സോജ്. ആർ. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. സംഗീത | മെഡിക്കൽ | 01-04-2020 | 18-01-2021 |

| | | | |
|---|---|---|---|
| ബാലകൃഷ്ണൻ | ഓഫീസർ ഹോമിയോ | | |
| ഡോ. സുധീർ എളമ്പിലാൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 19-01-2021 | 31-03-2021 |
| ഡോ. മഗേഷ്. എസ്. | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. പ്രസാദൻ. കെ. പി. | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഗീത. കെ. | ICDS സൂപ്പർവൈസർ | 01-04-2020 | 05-11-2020 |
| ശ്രീമതി. അരുൺ രേണുക ദേവി | ICDS സൂപ്പർവൈസർ | 06-11-2020 | 31-03-2021 |
| ശ്രീ. ബിനു സുധാകർ | ക്ഷീര വികസന ഓഫീസർ, ഇരിട്ടി | 01-04-2020 | 31-03-2021 |
| ശ്രീമതി സരിത കെ.യു. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 03-09-2020 |
| ശ്രീ. റിജുൽ രാജ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 04-09-2020 | 01-11-2020 |
| ശ്രീമതി പ്രീത പി.വി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 02-11-2020 | 31-03-2021 |

നോട്ട് :12-11-2020 മുതൽ 29-12-2020 വരെ സെക്രട്ടറി, കൃഷി ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരടങ്ങുന്ന അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റിയാണ് പ്രസിഡന്റിന്റെ ചുമതല വഹിച്ചിരുന്നത്.

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-1 |
| 2 | പുതുക്കിയ ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Shaheen.P (Asst. Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 05-10-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-4 |
| 7 | പദ്ധതി അവലോകനം.<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-5 |
| 8 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 28-08-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-10 |
| 13 | ഗ്രാമസഭ<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-11 |
| 14 | തൊഴിൽ നികുതി-അപാകങ്ങൾ<br>Written By: Nikhila A.M. (Auditor, On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-12 |
| 15 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഈടാക്കിയതിലെ അപാകങ്ങൾ<br>Written By: Nikhila A.M. (Auditor, On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-13 |
| 16 | വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Nikhila A.M. (Auditor, On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-14 |
| 17 | കെട്ടിട നിർമ്മാണ പെർമിറ്റ്-കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്ത കെട്ടിടങ്ങളുടെ വസ്തുനികുതി | 1-15 |

| | | |
|---|---|---|
| | പുനർനിർണ്ണയിക്കുന്നില്ല<br>Written By: Nikhila A.M. (Auditor, On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | |
| 18 | ആദായ നികുതിയിനത്തിൽ കൂടുതൽ തുക ഒടുക്കി - ₹3200 യുടെ ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: Jyothish Kumar (Audit Officer (HG), On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-16 |
| 19 | ലൈബ്രറി സെസ്സ് ഒടുക്കിയതിന്റെ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - ₹41646 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-17 |
| 20 | കെ.യു.ആർ.ഡി.എഫ്.സി. ലോൺ ₹15,55,850 വിനിയോഗിക്കാത്ത തുക തിരിച്ചടക്കാത്തത്<br>Written By: Shaheen.P (Asst. Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-18 |
| 21 | ജില്ലാ പഞ്ചായത്ത് വിഹിതം - റികѡസിഷൻ സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല ₹532910 നഷ്ടപ്പെട്ടു<br>Written By: Shaheen.P (Asst. Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-19 |
| 22 | എസ്. എസ്. എ. വിഹിതം നൽകൽ - ഗ്രാമ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങൾക്കും ഏതൊക്കെ ആനുകൂല്യ പ്രവർത്തനങ്ങൾ ലഭ്യമായിട്ടുണ്ട് എന്നുള്ള വിവരം ലഭ്യമല്ല.<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-20 |
| 23 | കോ ലൊക്കേഷൻ കോമൺ സർവ്വീസ് സെന്റർ ആവശ്യമായ കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങൽ -സെന്റർ പ്രവർത്തനം ആരംഭിച്ചില്ല ₹3830കേരള സ്റ്റേറ്റ് ഐടി മിഷന് കൂടുതൽ നൽകി – ₹99,602യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-21 |
| 24 | ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ഇതുവരെയും ലഭ്യമായിട്ടില്ല.<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 01-10-2021) | 1-22 |
| 25 | തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കലും ഗ്രാമ പഞ്ചായത്തിലെ പ്രധാന കവലകളിൽ ലോമാസ്റ്റ് വിളക്കുകൾ വാങ്ങി സ്ഥാപിക്കലും - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ₹3,76,463 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-23 |
| 26 | തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ₹4,91,198 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-24 |
| 27 | കേരള വാട്ടർ അതോറിറ്റിയിൽ അധികമായി നിക്ഷേപിച്ച ₹6,11,960 ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Shaheen.P (Asst. Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-25 |
| 28 | കുടിവെള്ളപദ്ധതി -രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹2,70,000 യുടെ ചെലവ് | 1-26 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | |
| 29 | ബങ്കണപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് റോഡിന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടില്ല ₹3,00,000ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-27 |
| 30 | തുടർ വിദ്യാഭ്യാസ പരിപാടി- കൈപ്പറ്റ് രശീത് ലഭ്യമാക്കിയില്ല ₹49,600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-28 |
| 31 | സർക്കാർ സ്കൂളുകളിൽ നാപ്കിൻ വെന്റിംഗ് യൂനിറ്റ്- പ്രോജക്ട് തയ്യാറാക്കുന്നതിലും നടപ്പിലാക്കുന്നതിലുമുള്ള അപാകങ്ങൾ ₹47,600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു..<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-29 |
| 32 | സർക്കാർ സ്കൂൾ ക്ലാസ്സ് ലൈബ്രറി പുസ്തക വിതരണം - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ ₹2,45,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-30 |
| 33 | മെഡിക്കൽ ഓഫീസർ ക്യാഷ് ബുക്ക് എഴുതുന്നതിലെ അപാകങ്ങൾ.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-31 |
| 34 | എഫ്.എച്ച്.സി-യിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവൻ ലഭിച്ചില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-32 |
| 35 | സാന്ത്വന പരിചരണം - രേഖകൾ ലഭ്യമാക്കിയില്ല - ₹49,175 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-33 |
| 36 | എഫ് എച്ച് സി-യിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങലിലെ അപാകങ്ങൾ ₹70,339 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-34 |
| 37 | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (സ്പിൽ ഓവർ)- സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 05-10-2021) | 1-35 |
| 38 | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ -രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 05-10-2021) | 1-36 |
| 39 | കന്നുകുട്ടി പരിപാലനം - രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കിയിട്ടില്ല ₹4,62,500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-37 |

| | | |
|---|---|---|
| 40 | കോഴിയും കൂടും പദ്ധതി (സ്പിൽ ഓവർ) - നിർവ്വഹണത്തിലെ അപാകങ്ങൾ ₹5,50,850 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-38 |
| 41 | ഗാർഹിക റിംഗ് കമ്പോസ്റ്റ് യൂണിറ്റ് -പദ്ധതി പൂർത്തീകരിച്ചിട്ടില്ല ₹2,81,250 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 30-08-2021) | 1-39 |
| 42 | റോഡ് സൗകര്യമില്ലാത്തത് കാരണം പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്ത ബങ്കണപറമ്പ് വ്യവസായ കേന്ദ്രം നവീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച ₹424071 തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-40 |
| 43 | നിടുകുളം എസ് സി കോളനിയിൽ ഭവനസമുച്ചയം നവീകരണം വിശദവിവരങ്ങൾ ലഭ്യമല്ല.₹563242 ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-41 |
| 44 | 19.73 ലക്ഷം രൂപയിലധികം തുക വിനിയോഗിച്ച വനിതാ വ്യവസായ എസ്റ്റേറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br>Written By: Shaheen.P (Asst. Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-42 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 26-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 26-08-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 26-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 26-08-2021) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 26-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

കുടാളി ഗ്രാമ പഞ്ചായത്തിന്റെ 2020-21ലെ ബജറ്റ് 25-3-2020 ലെ 53/2017 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹3,00,29,105 |
| വരവ് | ₹21,47,57,000 |
| ആകെ | ₹24,47,86,105 |
| ചെലവ് | ₹24,11,27,411 |
| നീക്കിയിരിപ്പ് | ₹36,58,694 |

## 1-1-1 പുതുക്കിയ ബജറ്റ്

കുടാളി ഗ്രാമ പഞ്ചായത്തിന്റെ 2020-21ലെ പുതുക്കിയ ബജറ്റ് 16-2-2021 ലെ 35/21-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹4,24,64,965 |
| വരവ് | ₹23,04,32,060 |
| ആകെ | ₹27,28,97,025 |
| ചെലവ് | ₹25,00,44,950 |
| നീക്കിയിരിപ്പ് | ₹2,28,52,075 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 22.06.2021 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1-വസ്തുനികുതി: സഞ്ചയയിലെ തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| | സഞ്ചയ പ്രകാരം ₹ | വാർഷിക കണക്ക് പ്രകാരം ₹ |
|---|---|---|
| വസ്തു നികുതി കുടിശ്ശിക(ഡിമാന്റ്) | 6187 | 0<br>(B15-AFS 2019-20) |
| ലൈബ്രറി സെസ്സ് കുടിശ്ശിക(ഡിമാന്റ്) | 330 | 0<br>(B15-AFS 2019-20) |

2- വാർഷിക കണക്കിൽ കുടിശ്ശിക ഡിമാന്റ് ഇല്ലാതെ കലക്ഷനായി ₹6945 വരവ് വന്നിട്ടുണ്ട്.

3- B-11 ഷെഡ്യൂളിന് അനുസൃതമായി ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിൽ ആസ്തിയുടെ മൂല്യം, വർഷം തുടങ്ങിയ വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

4- ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ കണക്കുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കണക്കുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6- ജി.ഒ.പ്രോജക്ടിൽ ഉൾപ്പെടുത്തി സോഴ്സിൽ നിന്ന് നേരിട്ട് കുറവ് ചെയ്യുന്ന വികസന ഫണ്ട് ജനറൽ തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ തൻവർഷ വരവിൽ ഉൾപ്പെട്ടിട്ടില്ല.

7. ബംഗനപറമ്പ് വ്യവസായ എസ്റ്റേറ്റിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ആനുഷംഗിക ചെലവായി തഹസിൽദാർ (എൽ.എ) തലശ്ശേരിക്ക് നല്കിയ ₹300000 മുൻകൂർ ശീർഷകത്തിൽ കാണിക്കാതെ റോഡ് ആസ്തി ശീർഷകത്തിലാണ് ചെലവ് കാണിച്ചത്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | ₹3,99,47,855.68 |
| വരവ് | ₹8,31,71,447 |
| ആകെ | ₹12,31,19,302.68 |
| ചെലവ് | ₹7,38,24,265 |
| നീക്കിയിരിപ്പ് | ₹4,92,95,037.68 |
| വരവിനങ്ങളിലെ നഷ്ടം | 3,900 |
| ചെലവിനങ്ങളുടെ നഷ്ടം | 3,200 |
| തടസ്സപ്പെടുത്തിയ തുക | 43,22,536 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15676875 | 15676875 | 15676875 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1379000 | 1379000 | 1379000 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 194000 | 194000 | 75000 | 119000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ACR പ്രകാരം) | 0 | 6110000 | 6110000 | 1273831 | 4836169 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് (ACR പ്രകാരം) | 0 | 11713614 | 11713614 | 10666871 | 1046743 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 11003000 | 11003000 | 11003000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4495070 | 4495070 | 4086108 | 408962 |
| സർവ്വശിക്ഷ്യ അഭിയാൻ | 1967 | 53 | 2020 | 0 | 2020 |
| ദുരിതാശ്വാസനിധി | 14361 | 63418 | 77779 | 20000 | 57779 |
| പൂരക പോഷകാഹാരം | 754169 | 1109207 | 1863376 | 1610986 | 252390 |
| ഒ ഡി എഫ് | 9000 | 0 | 9000 | 5500 | 3500 |
| ശുചിത്വമിഷൻ | 683904 | 3011795 | 3695699 | 1234716 | 2460983 |

| | | | | | |
|---|---|---|---|---|---|
| എം.പി.ഫണ്ട് | 3887 | 104 | 3991 | 3991 | 0 |
| പോളിംഗ് സ്റ്റേഷൻ സജീകരിക്കൽ | 0 | 51000 | 51000 | 51000 | 0 |
| വിമുക്തി | 3148 | 0 | 3148 | 0 | 3148 |
| ലൈഫ് മിഷൻ സംസ്ഥാന വിഹിതം | 0 | 320000 | 320000 | 0 | 320000 |
| കില | 33260 | 11450 | 44710 | 44710 | 0 |
| അഗതി രഹിത കേരളം | 0 | 899372 | 899372 | 899372 | 0 |
| ലൈഫ് മിഷൻ | 20000 | 0 | 20000 | 0 | 20000 |
| കേരളോത്സവം | 0 | | | | |
| സാക്ഷരത | 5111 | 204 | 5315 | 0 | 5315 |
| മുനിസിപ്പൽ കോർപ്പറേഷൻ ടൈഡ് ഫണ്ട് | 0 | 800000 | 800000 | 0 | 800000 |
| ലൈഫ് ഭവന പദ്ധതി ബ്ലോക്ക് വഹിതം | 1102800 | 0 | 1102800 | 0 | 1102800 |
| നരിപ്പോട്ടക്കരി കടിവെള്ള പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 830000 | 830000 | 0 | 830000 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 214 | 9,72,26,348 | 171 | 5,96,74,462 | 81 | 43 | 42.06 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ ₹ | ചെലവഴിച്ച തുക ₹ | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 33 | 24 | 13048124 | 6229623 | 47.74 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 3 | 464800 | 288980 | 62.17 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 99 | 81 | 42535052 | 29110359 | 68.44 |
| 4 | കൃഷി ഓഫീസർ | 13 | 13 | 5456364 | 4347230 | 79.67 |
| 5 | വി.ഇ.ഒ. കൂടാളി | 10 | 9 | 13637559 | 3632404 | 26.64 |
| 6 | എൽ.വി.ഇ.ഒ. പട്ടാന്നൂർ | 12 | 8 | 5298704 | 2537715 | 47.89 |
| 7 | മെഡിക്കൽ ഓഫീസർ FHC | 8 | 7 | 2445045 | 2095778 | 85.72 |
| 8 | മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 520000 | 520000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| 10 | വെറ്റിനറി സർജൻ | 10 | 10 | 3858050 | 3280843 | 85.04 |
| 11 | ഹെഡ് മാസ്റ്റർ | 13 | 6 | 1508000 | 954094 | 63.27 |
| 12 | ICDS സൂപ്പർവൈസർ | 5 | 5 | 6728650 | 5759144 | 85.59 |
| 13 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1300000 | 700000 | 53.85 |
| 14 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 276000 | 68292 | 24.74 |
| | ആകെ | 214 | 171 | 97226348 | 59674462 | 61.38 |

## 1-6 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,76,749 | 12,63,327 | 16,40,076 | 16,39,076 | 1,000 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 4,15,59,210 | 4,15,59,210 | 4,15,59,210 | - |
| | 3,76,749 | 4,28,22,537 | 4,31,99,286 | 4,31,98,286 | 1,000 |

രേഖകളുടെ പരിശോധന- ഓഡിറ്റ് നിരീക്ഷണങ്ങൾ

| ഇനം | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെഎണ്ണം | 4075 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | 2221 |
| തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 1815 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 104824 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 686 |
| ലേബർ ബഡ്ജറ്റ് / വാർഷിക പദ്ധതി പ്രകാരം നിർദ്ദേശിച്ച പദ്ധതികൾ | 465 |
| നടപ്പാക്കിയ പ്രവൃത്തികളുടെ എണ്ണം | 144 |

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു .
2. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.
3. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.
4. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
5. പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്റ്റ് യോഗങ്ങൾ നടന്നു എന്നതും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചു എന്നതും ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.
6. പ്രത്യേക സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിട്ട്സ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.
7. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ പരിമിതമാണ്.

8. വി.ഇ.ഒ സൈറ്റ് പരിശോധന നടത്തുന്നില്ല.

9. 30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൌകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടച്ചെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അപ്രകാരം അടവാക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കാമെന്നും ഉള്ള നിർദ്ദേശം പാലിച്ചിട്ടില്ല.

10. 31.03.12 ലെ സ.ഉ(കൈ) 93/2012/ത.സ്വ.ഭ.വ ഉത്തരവു പ്രകാരമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങേണ്ടതെന്ന് ഉത്തരവിലെ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.വിവിധ പദ്ധതികൾക്കായി മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ഏകീകൃത സ്വഭാവമുള്ള ടെണ്ടർ ക്ഷണിക്കാതെ ഓരോ വർക്കിനും പ്രത്യേകമായാണ് ടെണ്ടർ ക്ഷണിക്കുന്നത് .

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽ രഹിത വേതനം | 31 | 20520 |
| കർഷകതൊഴിലാളി പെൻഷൻ | 642 | 9531600 |
| വിധവാ പെൻഷൻ | 1052 | 16013000 |
| വാർദ്ധക്യകാല പെൻഷൻ | 2216 | 30733500 |
| വികലാംഗ പെൻഷൻ | 379 | 5699500 |
| അവിവാഹിത പെൻഷൻ | 143 | 2161800 |
| വിവാഹ ധനസഹായം | 9 | 270000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)O വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6-8-2021 ന് 2.40 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 6,468 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം പ്രതിമാസ സ്റ്റാഫ് മീറ്റിംഗ് ചേർന്നിട്ടുണ്ടെങ്കിലും 26-3-

2021-ന് ശേഷം മീറ്റിംഗ് വിളിച്ച് ചേർത്തതായി കാണുന്നില്ല. സ്റ്റാഫ് മീറ്റിംഗിൽ മുൻപത്തെ യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തിക്കാണുന്നില്ല. ഓരോ സ്റ്റാഫ് മീറ്റിംഗിലും തീരുമാനങ്ങളെടുത്ത് യോഗം അവസാനിപ്പിക്കുകയാണ് ചെയ്യുന്നത്. 100% പിരിവ് കൈവരിക്കൽ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളുടെ വിലയിരുത്തൽ തുടങ്ങിയ വിഷയങ്ങൾ സ്റ്റാഫ് മീറ്റിംഗിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. പ്രതിമാസസ്റ്റാഫ് മീറ്റിംഗിൽ ആസ്തി രജിസ്റ്റർ കാലികമാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഇതുവരെയും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നികുതി നികുതിയേതര വരവിൽ വർദ്ധനവ് വരുത്തുന്നതുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിലെ തുകകളുമായി താരതമ്യ പഠനം നടത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21-4-2004 | 1997-98 മുതൽ 2003-04 വരെ | 20-7-2004 |
| പെർഫോമൻസ് ഓഡിറ്റ് | 19-7-2021 20-7-2021 | 6/2021 | 20-7-2021 |

## 1-11 ഗ്രാമസഭ

ഗ്രാമ പഞ്ചായത്തിലെ പതിനെട്ട് വാർഡുകളിലും ഒറ്റത്തവണ മാത്രമാണ് ഗ്രാമസഭാ യോഗം ചേർന്നിട്ടുള്ളത്. പതിനേഴ് വാർഡുകളിൽ മാത്രമെ ക്വാറം തികഞ്ഞിട്ടുള്ളൂ. രണ്ടാം വാർഡിൽ (പട്ടാന്നൂർ) 07.02.21 തിയ്യതി നടന്ന ഗ്രാമസഭയിൽ നിശ്ചിത ക്വാറം തികഞ്ഞിട്ടില്ല. ആകെയുള്ള 1321 വോട്ടർമാരിൽ 106 പേർ മാത്രമെ യോഗത്തിൽ പങ്കെടുത്തിട്ടുള്ളൂ. 2019-20 ലെ വരവു ചെലവു കണക്കുകൾ അംഗീകരിക്കൽ, 2020-21 ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, 2020-21 വാർഷിക പദ്ധതി രൂപീകരണവും അവലോകനവും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ അംഗീകരിക്കൽ എന്നിവയാണ് ഗ്രാമസഭകളിലെ പ്രധാന അജണ്ടകൾ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ചും പദ്ധതി നിർദ്ദേശങ്ങൾ സംബന്ധിച്ചുമുള്ള ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും പദ്ധതി അവലോകനം നടത്തുന്നില്ല എന്നത് പോരായ്മയാണ്.

## 1-12 തൊഴിൽ നികുതി-അപാകങ്ങൾ

1.എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും,ബിസ്സിനസ്സ് നടത്തുകയോ ,തൊഴിലിലോ,കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ,സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം204ാം വകുപ്പ് ,1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.2020-21 വർഷത്തെ എഫ് ടി ഇ &ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവ | കെട്ടിട നമ്പർ /സംരഭം | ഒടുക്കിയ ലൈസൻസ് ഫീയും തിയ്യതിയും | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | നക്കാരുടെ എണ്ണം | | | |
| 1 | ജയചന്ദ്രൻ. പി. വി | 7 | XI/272<br>വാഹന റിപ്പേർ നടത്തുന്നതിന് | 500/-<br>109707/19.03.20 | ഒന്നാം രണ്ടും അർദ്ധ വർഷം |
| 2 | മുഹമ്മദ് ഷാഫി. കെ.എ | 3 | XII/77 B<br>ജെ സി ബി സർവ്വീസ് നടത്തുന്നതിന് | 500/-<br>109689/18.03.20 | ഒന്നാം രണ്ടും അർദ്ധ വർഷം |
| 3 | മുഹമ്മദ് ഷാഫി. കെ.എ | 2 | XII/77 A<br>ജെ സി ബി പാർട്സ് വില്പന | 500/-<br>109687/18.03.20 | ഒന്നാം രണ്ടും അർദ്ധ വർഷം |
| 4 | അജിത് കുമാർ. എ. | 3 | X/337 A, B, C<br>ഇലക്ട്രിക്കൽസ് | 1000/-<br>109545/13.03.20 | ഒന്നാം രണ്ടും അർദ്ധ വർഷം |
| 5 | സുനിൽ കുമാർ. എം | 5 | XIV/593, 599, 600<br>സ്റ്റേഷണറി | 1000/-<br>109328/6.03.20 | ഒന്നാം രണ്ടും അർദ്ധ വർഷം |
| 6 | കിണാക്കുൽ വലിയാപ്പാത്ത് റഷീദ് | 2 | VI/66<br>പ്ലാസ്റ്റിക്ക് കസേരകൾ വില്പന | 500/-<br>102417/21.10.20 | ഒന്നാം രണ്ടും അർദ്ധ വർഷം |
| 7 | സുമേഷ്. എ | 3 | VIII/87 B<br>കോൺക്രീറ്റ് ബ്ലോക്ക് വില്പന | 500/-<br>100349/12.08.20 | ഒന്നാം രണ്ടും അർദ്ധ വർഷം |
| 8 | സുമേഷ്. എ | 2 | VIII/197 B, C, D, E<br>സിമന്റ്,കമ്പി വില്പന | 500/-<br>100347/12.06.20 | ഒന്നാം രണ്ടും അർദ്ധ വർഷം |
| 9 | ബിജു. സി | 2 | XVI/263<br>വാഹന റിപ്പേർ | 500/-<br>100386/15.06.20 | ഒന്നാം രണ്ടും അർദ്ധ വർഷം |
| 10 | മുരളീധരൻ.എം.കെ | 2 | XVII/231,333<br>വസ്ത്രങ്ങൾ നിർമ്മിച്ച് സ്റ്റോക്ക് | 500/-<br>100057/26.05.20 | ഒന്നാം രണ്ടും അർദ്ധ വർഷം |
| 11 | എൻ. പ്രേമരാജൻ | 2 | I/581<br>ഫർണിച്ചർ നിർമ്മിച്ച് വില്പന | 500/-<br>100141/2.06.20 | ഒന്നാം രണ്ടും അർദ്ധ വർഷം |
| 12 | എ. രമേശൻ | 2 | XI/240 A<br>അലൂമിനിയം ഫാബ്രിക്കേഷൻ | 500/-<br>100074/28.05.20 | ഒന്നാം രണ്ടും അർദ്ധ വർഷം |
| 13 | ഹനീഫ. പി. പി | 2 | IIII/8<br>സുഗന്ധവ്യഞ്ജനങ്ങൾ സംഭരിച്ച് വില്പന | 500/-<br>1000020/13.05.20 | ഒന്നാം രണ്ടും അർദ്ധ വർഷം |

മേൽപ്പറഞ്ഞ കാര്യങ്ങൾ കാണിച്ച് നല്കിയ എൻക്വയറിക്ക്(നം.8/16.08.21) മറുപടിയായി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി

അറിയിക്കേണ്ടതാണ്.

2. 2020-21 വർഷം ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-13 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഈടാക്കിയതിലെ അപാകങ്ങൾ

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കൂടാളി ഗ്രാമപഞ്ചായത്ത് 28-02-2018ലെ 1/40/18-ാം നമ്പർ ഭരണസമിതി തീരുമാനം പ്രകാരം വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മൈക്രോ എന്റർപ്രൈസസ് വിഭാഗത്തിൽ വരുന്ന സേവനങ്ങൾക്കും ഉല്പാദനങ്ങൾക്കും താഴെ പറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| ഉൽപാദന മേഖല | |
| 50000രൂപ വരെ മൂലധനം ഉള്ളത് | 100 |
| 50000രൂപ മുതൽ 1 ലക്ഷം വരെ മൂലധനം ഉള്ളത് | 200 |
| 1 ലക്ഷത്തിന് മുകളിൽ 2 ലക്ഷം വരെ മൂലധനം ഉള്ളത് | 300 |
| 2 ലക്ഷത്തിന് മുകളിൽ 5ലക്ഷം വരെ മൂലധനം ഉള്ളത് | 350 |
| 5 ലക്ഷത്തിന് മുകളിൽ പത്ത് ലക്ഷം വരെ മൂലധനം ഉള്ളത് | 400 |
| 10ലക്ഷത്തിന് മുകളിൽ 25 ലക്ഷം വരെ മൂലധനം ഉള്ളത് | 500 |
| 2500001രൂപ മുതൽ 1 കോടി രൂപ വരെ മൂലധനം ഉള്ളത് | 1000 |
| 10000001 രൂപ മുതൽ 5 കോടി രൂപ വരെ മൂലധനം ഉള്ളത് | 5000 |
| സേവന മേഖല | |
| 25000 രൂപ വരെ മൂലധനം ഉള്ളത് | 100 |
| 25000മുകളിൽ 1ലക്ഷം വരെ മൂലധനം ഉള്ളത് | 200 |
| 1ലക്ഷത്തിന് മുകളിൽ 2 ലക്ഷം വരെ മൂലധനം ഉള്ളത് | 300 |
| 2 ലക്ഷത്തിന് മുകളിൽ 3 ലക്ഷം വരെ മൂലധനം ഉള്ളത് | 400 |
| 300001രൂപ മുതൽ 10ലക്ഷം രൂപ വരെ മൂലധനം ഉള്ളത് | 500 |
| 1000001 രൂപ മുതൽ 50ലക്ഷം രൂപ വരെ മൂലധനം ഉള്ളത് | 1000 |
| 5000001രൂപ മുതൽ 2കോടി രൂപ വരെ മൂലധനം ഉള്ളത് | 5000 |

എന്നാൽ മേൽ പറഞ്ഞിട്ടുള്ള നിരക്കിൽ മൂലധനമുള്ള താഴെ പറയുന്നവരിൽ നിന്നും കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | പേര് / വാർഡ് നമ്പർ | ആവശ്യം | മൂലധനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | സുദേവ്. പി. XI/356,357 | ഗാർഡനിംഗ് ആക്സസറീസ് വില്പന | 300000 | 400 | 300 | 100 |
| 2 | ഷാജി. സി. | സ്റ്റീൽ | 1500000 | 1000 | 500 | 500 |

| | | | | | | |
|---|---|---|---|---|---|---|
| | വി. IV/504 G,H,I | അലൂമിനിയം മെറ്റീരിയൽസ് വില്പന | | | | |
| 3 | പി.പി. സാദിഖ് III/4 B,C | ബിൽഡിംഗ് മെറ്റീരിയൽസ് വില്പന | 1500000 | 1000 | 500 | 500 |
| 4 | കെ. രാജൻ XVI/79,80 | വസ്ത്ര വില്പന | 2000000 | 1000 | 500 | 500 |
| 5 | പി.പി. ശശികുമാർ V/606 | സ്റ്റുഡിയോ | 200000 | 300 | 200 | 100 |
| 6 | കിണാക്കുൽ വയലിപ്പാത്ത് റഷീദ് IV/66 | പ്ലാസ്റ്റിക്ക് ശേഖരണം വില്പന | 2000000 | 1000 | 500 | 500 |
| 7 | സെക്രട്ടറി, പട്ടാന്നൂർ കോ: ഓപ്പറേറ്റീവ് ബാങ്ക് V/200,204 | വളം ഡിപ്പോ | 2000000 | 1000 | 500 | 500 |
| 8 | അഷ്റഫ്. ഇ.കെ XIV/23 A | ബാഗ് നിർമാണം | 200000 | 300 | 200 | 100 |
| 9 | ദാവൂദ്. ടി.സി XI/107 A | പരമ്പരാഗത മരപ്പണി | 300000 | 400 | 300 | 100 |
| 10 | സുമേഷ്. എ VIII/197 B,C,D,E | ഹാർഡ് വെയർ വില്പന | 2500000 | 1000 | 500 | 500 |
| 11 | ജയേഷ്. കെ.എം XI/188 A | മാർബിൾ, ഗ്രാനൈറ്റ് സംഭരണംവില്പന | 2000000 | 1000 | 500 | 500 |
| ആകെ | | | | | 4500/- രൂപ | 3900/- |

അപേക്ഷകരിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കത്താതിന്റെ കാരണം വിശദമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (7/12.08.2021)നൽകിയ മറുപടിയിൽ ക്രമനമ്പർ 1 മുതൽ 11 വരെയുള്ള കച്ചവടസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയത് ടി സ്ഥാപനങ്ങൾ ഉല്പാദന മേഖലയിൽപ്പെട്ടവയാണെന്ന് കണക്കാക്കിയാണെന്നും സേവന മേഖലയിൽ ഉൾപ്പെടുത്തി മേൽ സ്ഥാപനങ്ങളിൽ നിന്നും കുറവ് വന്ന തുക എത്രയും പെട്ടെന്ന് ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുകയായ 3900/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

2. 2020-21 വർഷത്തെ ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റർപ്രണർ ഷിപ്പ്, ആക്ടിവിറ്റീസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം എത്രയാണന്ന് അപേക്ഷകനോ, പരിശോധനാ ഉദ്യോഗസ്ഥനോ, രേഖപ്പെടുത്തിയിട്ടില്ല. മൂലധന നിക്ഷേപം കണക്കാക്കാതെ എങ്ങിനെയാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(7/12.08.2021)നൽകിയ മറുപടിയിൽ 2020-21 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ ലൈസൻസ് പുതുക്കുന്നവയിൽ മുൻവർഷം ചുമത്തിയ ലൈസൻസ് ഫീസ് പ്രകാരം ഈടാക്കിയതിനാലാണ് മൂലധന നിക്ഷേപം രേഖപ്പെടുത്താൻ വിട്ടുപോയതെന്നാണ് അറിയിച്ചത്. അപേക്ഷകളിൽ പരിശോധനാ ഉദ്യോഗസ്ഥൻ മൂലധന നിക്ഷേപം കണക്കാക്കി രേഖപ്പെടുത്തേണ്ടതും അപേക്ഷകരിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-14 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

കൂടാളി ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

| | | |
|---|---|---|
| 1 | 100$^{m2}$ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 1897 എണ്ണം |
| 2 | 100$^{m2}$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 193 എണ്ണം |
| 3 | 200$^{m2}$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 12എണ്ണം |
| 4 | ഫ്യുവൽ സ്റ്റേഷൻ, പെട്ടിക്കടകൾ തുടങ്ങിയവ | 9 എണ്ണം |
| | ആകെ | 2111 എണ്ണം |

കൂടാളി ഗ്രാമപഞ്ചായത്തിൽ ആകെ 12855 കെട്ടിടങ്ങൾക്കാണ് നമ്പർ നല്കിയിരിക്കുന്നത്, ഇതിൽ 2111 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2020-21 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റർപ്രണർ ഷിപ്പ്, ആക്ടിവിറ്റീസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 2111 കെട്ടിടങ്ങളിൽ 539 കെട്ടിടങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. ബാക്കിയുള്ള 1572 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. ആകെ കെട്ടിട നമ്പർ അനുവദിച്ചതിന്റെ 26% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര - വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 74% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.19/16.08.2021)) ലഭ്യമാക്കിയ മറുപടിയിൽ മിക്ക സ്ഥാപനങ്ങളും രണ്ടോ അതിലധികമോ കെട്ടിട മുറികളിലാണ് പ്രവർത്തിക്കുന്നതെന്നും കാലപ്പഴക്കം വന്ന കെട്ടിട മുറികളിലും അടുത്ത കാലങ്ങളിൽ നമ്പർ അനുവദിച്ച മിക്ക കെട്ടിട മുറികളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കുകയും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-15 കെട്ടിട നിർമ്മാണ പെർമിറ്റ്-കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്ത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല

2014-15, 2015-16, 2016-17 കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല.സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | പെർമിറ്റ്നം, കാലാവധി | അധിക നിർമാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ച.മീ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 16/11 | ഇടക്കാടൻകണ്ടി മുസ്തഫ | 28/15-16<br>25.05.15 To 24.05.18 | 101.62 | 115.5 |
| 2 | 16/4/A | സി. കുഞ്ഞിക്കണ്ണൻ നമ്പ്യാർ | 133/15-16<br>28.09.15 To 27.07.18 | 79.63 | 14.48 |
| 3 | 7/80 | ചോടോൻ സജീവൻ | 230/15-16<br>10.03.16 To 09.03.19 | 92.99 | 99.18 |
| 4 | 5/114 | കുറ്റ്യേരി പ്രദീപ് കുമാർ | 246/15-16<br>03.02.16 To 02.02.19 | 38.31 | 81 |
| 5 | 5/518 | മാടഞ്ചേരി ഗോവിന്ദൻ | 247/15-16<br>20.01.16 To 19.01.19 | 50.46 | 54 |
| 6 | 3/51 A | വയത്തു റുബീന | 257/15-16<br>15.02.16 To 14.02.19 | 93.14 | 92 |
| 7 | 13/10 | നജ്മാ ബാനു | 249/15-16<br>03.02.16 To 02.02.19 | 117.33 | 143.1 |

കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൻ പ്രകാരം നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കി കാണുന്നത്. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 31തീയതി 25-08-2021) ലഭ്യമാക്കിയ മറുപടിയിൽ 2014-15, 2015-16, 2016-17 കാലയളവിൽ കൂട്ടിചേർക്കലിന് അനുമതി നല്കിയ കെട്ടിടങ്ങളിൽ നിർമ്മാണം പൂർത്തീകരിച്ചവർക്ക് ഒക്യുപൻസി അനുവദിക്കുന്നതിനുള്ള അപേക്ഷ, ബന്ധപ്പെട്ട രേഖകൾ, വസ്തു നികുതി നിർണയ ഫോറം എന്നിവ സഹിതം സമർപ്പിക്കുന്നതിന് അറിയിപ്പ് നല്കി, ആയവ ലഭ്യമാക്കി,വസ്തു നികുതി പുനർ നിർണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. ആയതിനാൽ വാർഡ് തലത്തിൽ ക്ലർക്കുമാർ പരിശോധന നടത്തി കൂട്ടിചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണയം നടത്തുകയും അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

## 1-16 ആദായ നികുതിയിനത്തിൽ കൂടുതൽ തുക ഒടുക്കി - ₹3200 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

കൂടാളി ഗ്രാമ പഞ്ചായത്തിന്റെ ടാക്സ് കലക്ഷൻ നോട്ടീസ്, പ്രസിഡന്റ് & മെമ്പർമാരുടെ ലെറ്റർ ഹെഡ്, വിവിധ രജിസ്റ്ററുകൾ, സർവ്വേ ഫോറം എന്നിവ പ്രിന്റ് ചെയ്തവകയിൽ ചെലവഴിച്ച ₹17619 യിൽ നിന്നും ആദായ നികുതിയിനത്തിൽ ₹352 കുറവ് വരുത്തി ₹17267 എടക്കാട് ബ്ലോക്ക് പ്രിന്റിംഗ് & പബ്ലിഷിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. വൌച്ചറിനോടനുബന്ധിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കിയ കണ്ടിജന്റ് വൌച്ചറിൽ എടക്കാട് ബ്ലോക്ക് പ്രിന്റിംഗ് & പബ്ലിഷിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകേണ്ട തുകയായ ₹17267 യും ആദായ നികുതിയായി ₹352 ചേർക്കുന്നതിന് പകരം ₹3552 യും ചേർത്ത് ആകെ ₹20819 എന്ന് ചേർക്കുകയും ചെയ്തിട്ടുണ്ട്. വൌച്ചർ നമ്പർ 22000967/9-3-2021 പ്രകാരം ₹17267 യും വൌച്ചർ നമ്പർ 22001062/25-3-2021 പ്രകാരം ₹3552 യും ചെലവഴിച്ചിട്ടുണ്ട്. ആദായ നികുതിയിനത്തിൽ ₹3200 (3552-352) കൂടുതൽ ഒടുക്കിയത് സംബന്ധിച്ച് 16/16-

8-2021 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് അധികം നൽകിയ തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ആദായ നികുതിയിനത്തിൽ അധികം നൽകിയ ₹3200 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

## 1-17 ലൈബ്രറി സെസ്സ് ഒടുക്കിയതിന്റെ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - ₹41646 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ 22001061/25-3-2021 പ്രകാരം 2020-21 ആദ്യ അർദ്ധവർഷത്തെ ലൈബ്രറി സെസ്സിനത്തിൽ ₹41646 കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സീനിയർ ഫിനാൻസ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രശീത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് 14/16-8-2021 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കൈപ്പറ്റിയതിന്റെ രശീത് ഇതുവരെയും ലഭ്യമായിട്ടില്ലെന്നും ലഭ്യമാകുന്നമുറയ്ക്ക് പരിശോധനയ്ക്ക് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. കൈപ്പറ്റിയതിന്റെ രശീതിയുടെ അഭാവത്തിൽ ₹41646യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 കെ.യു.ആർ.ഡി.എഫ്.സി. ലോൺ ₹15,55,850 വിനിയോഗിക്കാത്ത തുക തിരിച്ചടക്കാത്തത്

ലൈഫ് മിഷൻ ഒന്നും രണ്ടും ഘട്ടങ്ങളിലായി ആകെ 26 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. ഇതിൽ 24 പേർ പണിപൂർത്തിയാക്കുകയും 2 പേർ പ്രവർത്തി തുടരാൻ സാധിക്കാത്തതിനാൽ നല്കിയ അഡ്വാൻസ് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി ₹56,36,553 ഹഡ്കോയിൽ നിന്ന് ലോൺ എടുത്തിട്ടുണ്ട്. പ്രസ്തുത ലോണിൽ ₹15,55,850 വിനിയോഗിക്കാതെ കേരളാ ബാങ്ക് ലൈഫ് ഭവനനിധി ലോൺ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ലൈഫ് ഭവനപദ്ധതി രണ്ടാം ഘട്ടം മുഴുവൻ വീടുകളുടെയും പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഹഡ്കോ വായ്പയിൽ ബാക്കിവന്ന തുക തിരിച്ചടക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി (15-06-2020 ലെ 09/93/20(2)) തീരുമാനിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുക തിരിച്ചടച്ചിട്ടില്ല. വായ്പ തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-19 ജില്ലാ പഞ്ചായത്ത് വിഹിതം - റിക്വസിഷൻ സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല ₹532910 നഷ്ടപ്പെട്ടു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | ക്ഷീര വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ/പേര് | | 161/2021 ക്ഷീരകർഷകർക്ക് പാലുൽപാദന ബോണസ്സ് |
| അടങ്കൽ | വികസന ഫണ്ട് ജനറൽ | ₹100000 |
| | ബ്ലോക്ക്പഞ്ചായത്ത് വിഹിതം | ₹600000 |
| | ജില്ലാ പഞ്ചായത്ത് വിഹിതം | ₹600000 |
| ആകെ | | ₹13,00,000 |
| ചെലവ് | വികസന ഫണ്ട് ജനറൽ | ₹100000/01/2020-21 06-03-2021 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ₹386292<br>₹103128<br>₹110580 |
| ആകെ ചെലവ് | | ₹700000 |

ക്ഷീര കർഷകർ 2020-21 സാമ്പത്തികവർഷം ക്ഷീര സഹകരണ സംഘത്തിൽ അളക്കുന്ന പാലിന് ഒരു ലിറ്ററിന് പരമാവധി 4 രൂപ നിരക്കിൽ സബ്സിഡി നൽകുകയെന്നതാണ് പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ചത്. ആറ് സഹകരണ സംഘങ്ങളിലെ കർഷകർ 04/2020 മുതൽ 02/2021 വരെയുള്ള മാസങ്ങളിൽ നല്കിയ പാലിന് സബ്സിഡിയിനത്തിൽ ₹700000 അനുവദിച്ചിട്ടുണ്ട്. എന്നാൽ അഞ്ചരക്കണ്ടി ക്ഷീരോത്പാദക സഹകരണ സംഘത്തിൽ പാൽ അളന്ന കർഷകർക്ക് 01/2021, 02/2021 മാസങ്ങളിൽ അളന്ന പാലിന് മാത്രമാണ് സബ്സിഡി ലഭിച്ചത്. സംഘത്തിലെ കർഷകർക്ക് 04/2020 മുതൽ 12/2020 വരെ അളന്ന പാലിന്റെ സബ്സിഡിയിനത്തിൽ ലഭിക്കേണ്ട ₹532910

നഷ്ടപ്പെടാൻ ഇടയാക്കിയ സാഹചര്യം അറിയിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (9/16-08-2021) 09-03-2021 ന് ₹532910 ഓൺലൈൻ റിക്വിസിഷൻ നൽകിയിരുന്നുവെന്നും ഫണ്ടിന്റെ അപര്യാപ്തതമൂലം റിക്വസിഷൻ അപ്രൂവായി വന്നിട്ടില്ലയെന്നും, കൂടാതെ പ്രോജക്ട് സ്പിൽ ഓവറായി 2021-22 വർഷം അംഗീകാരം ലഭിച്ചുട്ടുള്ളതിനാൽ പണം നഷ്ടപ്പെട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പ്രോജക്ടിലെ പൊതു അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1- സംയുക്തപ്രോജക്ടുകളുടെ വിഭവ വിനിയോഗത്തിന് ജി ഒ (പി) 7/2017/ധന. തീയതി 23-01-2017 ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

2- സാമ്പത്തിക വർഷാവസാനം ഫണ്ട് വിനിയോഗിക്കുന്നതിന് പകരം ഘട്ടം ഘട്ടമായി വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ജില്ലാപഞ്ചായത്ത് വിഹിതം നഷ്ടപ്പെടില്ലായിരുന്നു.

3- പഞ്ചായത്തിലെ മുഴുവൻ ക്ഷീരകർഷകർക്കും ഒരുപോലെ പ്രയോജനം ലഭിക്കേണ്ട വിധത്തിൽ ആനുപാതികമായി പ്രോജക്ട് തുക ചെലവഴിച്ചിട്ടില്ല. ജില്ലാ പഞ്ചായത്ത് വിഹിതം മുഴുവനായി അഞ്ചരക്കണ്ടി ക്ഷീരോത്പാദക സഹകരണ സംഘത്തിന് വകയിരുത്തിയതിനാൽ ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാത്തത് കാരണം സംഘം കർഷകർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല.

## 1-20 എസ്. എസ്. എ. വിഹിതം നൽകൽ - ഗ്രാമ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങൾക്കും ഏതൊക്കെ ആനുകൂല്യ പ്രവർത്തനങ്ങൾ ലഭ്യമായിട്ടുണ്ട് എന്നുള്ള വിവരം ലഭ്യമല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ / പേര് | 1/21 എസ്.എസ്. എ. വിഹിതം നൽകൽ |
| വകയിരുത്തിയ തുക | ₹9,24,743 വികസന ഫണ്ട് |
| ചെലവ് തുക | ₹9,24,743 ബിൽ നമ്പർ : 15/20-21/7-9-2020 |

എസ്.എസ്.എ. വിഹിതം നൽകൽ എന്ന മേൽ പ്രോജക്ട് പ്രകാരം കണ്ണൂർ ജില്ല പ്രോജക്ട് ഓഫീസർ എസ്.എസ്.കെ എന്നവർക്ക് ₹ 9,24,743 നൽകിയിട്ടുണ്ട്. 2020-21 ലെ ആന്വൽ വർക്ക് പ്ലാൻ & ബഡ്ജറ്റ് ആയ ₹50,90,884 യുടെ LSG ഷെയർ ആയ ₹20,36,354 (40 %) ഒടുക്കുന്നതിന് എസ്.എസ്.കെ കണ്ണൂർ ആവശ്യപ്പെടുകയും ₹9,24,743 നൽകുകയുമാണ് ചെയ്തത്. എസ്.എസ്.കെ യുടെ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഈ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങൾക്കും ഏതൊക്കെ ആനുകൂല്യ പ്രവർത്തനങ്ങൾ ലഭ്യമായിട്ടുണ്ട് എന്നുള്ള വിവരം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

## 1-21 കോ ലൊക്കേഷൻ കോമൺ സർവ്വീസ് സെന്റർ ആവശ്യമായ കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങൽ -സെന്റർ പ്രവർത്തനം ആരംഭിച്ചില്ല ₹3830കേരള സ്റ്റേറ്റ് ഐടി മിഷന് കൂടുതൽ നൽകി – ₹99,602യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി കൂടാളി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ / പേര് | S0015/21 കോ ലൊക്കേഷൻ കോമൺ സർവ്വീസ് സെന്റർ - ആവശ്യമായ കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങൽ |
| വകയിരുത്തിയ തുക | ₹1,50,000 തനത് ഫണ്ട് |
| ചെലവ് തുക | ₹99,602 വൗച്ചർ നമ്പർ : 22001037/22-3-2021 |

ഗ്രാമ പഞ്ചായത്ത് ഓഫീസിനോടുബന്ധിച്ച് കേന്ദ്രാവിഷ്കൃത ഫണ്ടായ RGSA ഉപയോഗിച്ച് ജനസേവന കേന്ദ്രത്തിനായി നിർമ്മിച്ച കെട്ടിടത്തിൽ തുടങ്ങുന്ന കോ ലൊക്കേഷൻ കോമൺ സർവ്വീസ് സെന്ററിന് സി.പി.ആർ.സി.എസ് മുഖേന ആവശ്യമായ കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം ₹20,000 യുടെ ഒരു മേശ, ₹80,000 യുടെ ഒരു ഫോട്ടോസ്റ്റാറ്റ് മെഷീൻ, ₹50,000 യുടെ ഒരു കമ്പ്യൂട്ടർ എന്നിവ ക്വട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനത്തിൽ നിന്ന് നേരിട്ട് വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 24-2-2021 ലെ പ്രഫോർമ ഇൻവോയിസ് പ്രകാരം ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന്റെ വിലയായ ₹39,797 യും 28-2-2021 ലെ പ്രഫോർമ ഇൻവോയിസ് പ്രകാരം ഫോട്ടോസ്റ്റാറ്റ് മെഷീന്റെ വിലയായ ₹59,805 യുമടക്കം ആകെ ₹ 99,602 കേരള സ്റ്റേറ്റ് ഐടി മിഷന് നൽകിയിട്ടുണ്ട്. ₹99,602 യുടെ കൈപ്പറ്റ് രശീത് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. എന്നാൽ താഴെപ്പറയുന്നവ ഗ്രാമ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്.

| ബിൽ വിവരം | ബിൽ തുക ₹ | ഇനം |
|---|---|---|
| ഇ വേ ബിൽ നമ്പർ : 231319619894/24-7-2021 | 57505.92 | ഫോട്ടോസ്റ്റാറ്റ് മെഷീന്റെ വില |
| ഇൻവോയിസ് നമ്പർ : PYSI21015432/21-7-2021 | ₹38266.22 | എയ്സർ കംപ്യൂട്ടർ സിസ്റ്റം - വില |
| ആകെ | 95772 | |

ലഭ്യമായ ഫോട്ടോസ്റ്റാറ്റ് മെഷീൻ, എയ്സർ കംപ്യൂട്ടർ എന്നിവ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല. പ്രോജക്റ്റോടനുബന്ധിച്ച് മേശ വാങ്ങിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് , കോ ലൊക്കേഷൻ കോമൺ സർവ്വീസ് സെന്റർ പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 15/16-8-2021 പ്രകാരമുള്ള ഓഡിറ്റ് അന്വേഷണത്തിന് കോ ലൊക്കേഷൻ കോമൺ സർവ്വീസ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. ₹99,602 കേരള സ്റ്റേറ്റ് ഐടി മിഷന് മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും ₹95,772യുടെ സാധനങ്ങൾ മാത്രമാണ് സപ്ലൈ ചെയ്തിട്ടുള്ളത് ₹3830 (99602-95772) കേരള സ്റ്റേറ്റ് ഐടി മിഷനിൽ നിന്നും തിരികെ ലഭിക്കാനുണ്ട്. ₹3830 കേരള സ്റ്റേറ്റ് ഐടി മിഷനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ₹99,602യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ഇതുവരെയും ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്റ്റ് നമ്പർ / പേര് | 74/21<br>ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹1,50,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹1,50,000 ബിൽ നമ്പർ : 1/20-21/5-11-2010 |

ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്റ്റ് പ്രകാരം ₹1,50,000 ആലപ്പുഴയിലെ കേരള സംസ്ഥാന ഹോമിയോപ്പതിക്ക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. രസിത് നമ്പർ 3600/21-12-2020 പ്രകാരം തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയത് സംബന്ധിച്ച് 6/11-8-2021 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മരുന്ന് ഇതുവരെയും ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കലും ഗ്രാമ പഞ്ചായത്തിലെ പ്രധാന കവലകളിൽ ലോമാസ്റ്റ് വിളക്കുകൾ വാങ്ങി സ്ഥാപിക്കലും - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ₹3,76,463 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്റ്റ് നമ്പർ / പേര് | 153/21 തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കലും ഗ്രാമ പഞ്ചായത്തിലെ പ്രധാന കവലകളിൽ ലോമാസ്റ്റ് വിളക്കുകൾ വാങ്ങി സ്ഥാപിക്കലും (സ്പിൽ ഓവർ) |
| അടങ്കൽ | ₹3,76,463 ധനകാര്യ കമ്മീഷൻ അവാർഡ് |
| | ₹4382 തനത് ഫണ്ട് |
| ആകെ | ₹3,80,845 |
| ചെലവ് | ₹3,76,463 ബിൽ നമ്പർ : 2/20-21/13-5-2020 |
| | ₹3607 വൌച്ചർ നമ്പർ : 22000144/8-1-2020 |
| ആകെ | ₹3,80,070 |

മേൽ പ്രോജക്ട് പ്രകാരം 24 വാട്സിന്റെ 145 എണ്ണം LED തെരുവുവിളക്ക് സ്ഥാപിക്കുന്നതിനുമായി KREWS ന് ₹369463 യും ആദായ നികുതിയിനത്തിൽ ₹7000 യും സൂപ്പർ വിഷൻ ചാർജിനത്തിൽ കെ.എസ്.ഇ.ബി യ്ക്ക് 2019-20 ൽ നൽകിയ ₹3,607 യും ഉൾപ്പടെ ആകെ ₹3,80,070 ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന്റെ ചെലവുമായി ബന്ധപ്പെട്ട് KREWS തുക കൈപ്പറ്റിയതിന്റെ രശീതി, തെരുവുവിളക്ക് സ്ഥാപിച്ചതിന്റെ വിവരം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 25/24-8-2021 പ്രകാരമുള്ള ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹3,76,463 (3,80,070-3,607) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ₹4,91,198 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ / പേര് | 7/21 തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ | ₹5,41,000 ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | ₹4,91,198 ബിൽ നമ്പർ : 32/20-21/6-3-2021 |

മേൽ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 24 വാട്സിന്റെ 180 LED ബൾബുകൾ KREWS, കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയവകയിൽ 7-1-2021 ലെ KREWS/A170/20-21 പ്രകാരമുള്ള പ്രഫോർമ്മ ഇൻവോയിസ് പ്രകാരം KREWS ന് ₹469337 യും ജി.എസ്.ടി ഇനത്തിൽ ₹8,692 യും ആദായ നികുതിയിനത്തിൽ ₹8,692 യും സൂപ്പർ വിഷൻ ചാർജിനത്തിൽ ₹4,477 യും ഉൾപ്പെടെ ആകെ ₹4,91,198 ചെലവഴിച്ചിട്ടുണ്ട്. KREWS മായി ഗ്രാമ പഞ്ചായത്ത് 7-1-2021 ന് കരാറിലേർപ്പെട്ടിട്ടുണ്ട്. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് KREWS തുക കൈപ്പറ്റിയതിന്റെ രശീതി, തെരുവുവിളക്ക് സ്ഥാപിച്ചതിന്റെ വിവരം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 24/24-8-2021 പ്രകാരമുള്ള ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ 24 വാട്സിന്റെ 180 LED ബൾബുകൾ വാങ്ങി സ്ഥാപിച്ചതായി പറയുകയും വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന്റെ വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലുകളുമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. KREWS തുക കൈപ്പറ്റിയതിന്റെ രശീതി, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയുടെ ആഭാവത്തിൽ ₹4,91,198 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 കേരള വാട്ടർ അതോറിറ്റിയിൽ അധികമായി നിക്ഷേപിച്ച ₹6,11,960 ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2018-19 സാമ്പത്തിക വർഷം വിവിധ കുടിവെള്ള പദ്ധതികൾക്ക് കേരളാ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകകൾ വിനിയോഗിച്ചതിന് ശേഷം ബാക്കിയുള്ളത് തിരികെ ലഭിക്കാനുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ / പേര് | നിക്ഷേപിച്ച തുക ₹ | വിനിയോഗിച്ച തുക ₹ | തിരികെ ലഭിക്കേണ്ട തുക ₹ |
|---|---|---|---|
| 151/2018 അംഗൻവാടി കുടിവെള്ള കണക്ഷൻ | 3,90,000 | 2,82,718 | 1,07,282 |
| 158/2018 വരൾച്ച പ്രധിരോധ പ്രവർത്തനം | 23,22,000 | 18,17,322 | 5,04,678 |
| ആകെ | 27,12,000 | 21,00,040 | 6,11,960 |

സ.ഉ.(സാധാ)2077/2019/ത.സ്വ.ഭ.വ തീയതി 25-09-2019 പ്രകാരം പണിതീരുമ്പോൾ ബിൽ തുക ഡെപ്പോസിറ്റ് ചെയ്ത തുകയേക്കാൾ കുറവായി വരുന്ന സന്ദർഭത്തിൽ സേവിംഗ്സ് തുക ഉപയോഗിച്ച് അതത് മേഖലയിൽ തന്നെ അതേ ഏജൻസിയെ ഉപയോഗിച്ച് കൊണ്ട് മറ്റ് പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി നല്കിയിട്ടുണ്ട്. ₹6,11,960 കേരള വാട്ടർ അതോറിറ്റി മുഖേന നടത്തുന്ന മറ്റു പ്രോജക്ടുകളിൽ ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-26 കുടിവെള്ളപദ്ധതി -രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹2,70,000 യുടെ

ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ/ പേര് | 18/21 ചോല കുടിവെള്ളപദ്ധതി | 152/21 പൊതു കുഴൽകിണർ നിർമ്മാണം (SO) |
| അടങ്കൽ | ₹50,000 ധനകാര്യ കമ്മീഷൻ അവാർഡ് | ₹2,22,000 ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് തുക | ₹48,000 ബിൽ നമ്പർ:3/20-21/13-5-2020 | ₹2,22,000 ബിൽ നമ്പർ:21/20-21/17-11-2020 |
| ആകെ | ₹48,000 | ₹2,22,000 |

2018-19 വർഷം പൊതു കുഴൽകിണർ നിർമ്മാണം (7/19) എന്ന പ്രോജക്ടിനായി ₹3,00,000 ധനകാര്യ കമ്മീഷൻ അവാർഡിനത്തിൽ വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചില്ല. 2019-20 വർഷം പൊതു കുഴൽകിണർ നിർമ്മാണം (135/20) എന്ന പ്രോജക്ടിനായി ₹2,22,000 വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചില്ല. 2020-21 വർഷം പൊതു കുഴൽകിണർ നിർമ്മാണം (152/21) എന്ന സ്പിൽ ഓവർ പ്രോജക്ടിനായി ₹ 2,22,000 വകയിരുത്തുകയും ബിൽ നമ്പർ : 3/20-21/13-5-2020 പ്രകാരം ₹ 2,22,000 ജില്ലാ ഓഫീസർ, ഭൂജല വകുപ്പ് കണ്ണൂർ എന്നവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷം മേൽ പ്രോജക്ടിനതന്നെ ചോല കുടിവെള്ളപദ്ധതി (പ്രോജക്ട് നമ്പർ 18/21) എന്ന പേരിൽ ധനകാര്യ കമ്മീഷൻ അവാർഡിനത്തിൽ ₹50,000 വകയിരുത്തി പുതിയ പ്രോജക്ട് തയ്യാറാക്കുകയും ബിൽ നമ്പർ : 21/20-21/17-11-2020 പ്രകാരം ₹48,000 ഭൂജല വകുപ്പിന് നൽകുകയും ചെയ്തിട്ടുണ്ട്. ഭൂജല വകുപ്പിന് ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ ആകെ ₹2,70,000 നൽകിയിട്ടുണ്ട്. ഭൂജല വകുപ്പിന്റെ ₹2,70,000 യുടെ കൈപ്പറ്റ് രശീതി, പ്രവൃത്തി പൂർത്തിയാക്കിയതിന്റെ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നീ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ പേര് മാറ്റാനുള്ള കാരണവും ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് 32/26-8-2021 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹2,70,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 ബങ്കണപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് റോഡിന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടില്ല ₹3,00,000ചെലവ് തടസ്സപ്പെടുത്തുന്നു.

ബങ്കണപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് റോഡിന് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ആനുഷംഗിക ചെലവിനത്തിൽ 2019-20 വർഷം ₹50,000 യും 2020-21 വർഷം വൗച്ചർ നമ്പർ 22000292/5-8-2020 പ്രകാരം ₹3,00,000യും ഉൾപ്പെടെ ആകെ ₹3,50,000 സ്പെഷ്യൽ തഹസിൽദാർ LA തലശ്ശേരിക്ക് നൽകിയിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നതിന് ആനുഷാംഗിക ചെലവിനത്തിൽ 2019-20 വർഷം നൽകിയ ₹50,000 തികയാതെ വന്നതിൽ കണ്ണൂർ ജില്ലാ കലക്ടറുടെ 16-3-2020 ലെ DC.KNR/4697/2018/C1 നമ്പർ കത്ത് പ്രകാരം ₹3,00,000 കൂടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ₹3,00,000 മേൽ വൗച്ചർ പ്രകാരം സ്പെഷ്യൽ തഹസിൽദാർ LA തലശ്ശേരിക്ക് നൽകിയത്. സ്ഥലം ഗ്രാമ പഞ്ചായത്തിന് ലഭിച്ചതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 27/24-8-2021 പ്രകാരമുള്ള ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. ആയതിനാൽ ₹3,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 തുടർ വിദ്യാഭ്യാസ പരിപാടി- കൈപ്പറ്റ് രശീത് ലഭ്യമാക്കിയില്ല ₹49,600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ | |
| പ്രോജക്ടിന്റെ നമ്പർ, പേര് | 31/21, | തുടർ വിദ്യാഭ്യാസ പരിപാടി |
| അടങ്കൽ | ₹ 50,000 | വികസന ഫണ്ട്, ജനറൽ |
| ചെലവ് | ₹ 49,600 | ബിൽ നമ്പർ 3/20-21, തീ. 27-02-2021 |

കൂടാളി ഗ്രാമ പഞ്ചായത്തിലെ കൊളോളം തുടർവിദ്യാ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 10 ാം തരം, +1, +2 പഠിതാക്കളുടെ കോഴ്സ് ഫീസ് ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനായി ഹെഡ് മാസ്റ്റർ 2020-21 വർഷം നടപ്പിലാക്കിയ തുടർ വിദ്യാഭ്യാസ പരിപാടി എന്ന മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി 10-ാം തരം തുല്യതയുടെ 12 പഠിതാക്കളുടെ കോഴ്സ് ഫീസായി ₹21,000 യും ഹയർ സെക്കന്ററി വിഭാഗം 13 പഠിതാക്കളുടെയും കോഴ്സ് ഫീസായി ₹28,600 യും ചേർത്ത് ആകെ ₹49,600 കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 5702696123 SBI, 02880100113107 UCBA) 30-03-2021 ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരത മിഷൻ തുക കൈപ്പറ്റിയതിന്റെ രശീത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാകാത്തതിനാൽ ₹49,600 ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 സർക്കാർ സ്കൂളുകളിൽ നാപ്കിൻ വെന്റിംഗ് യൂനിറ്റ്- പ്രോജക്ട് തയ്യാറാക്കുന്നതിലും നടപ്പിലാക്കുന്നതിലുമുള്ള അപാകങ്ങൾ ₹47,600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു..

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 42/21, സർക്കാർ സ്കൂളുകളിൽ നാപ്കിൻ വെന്റിംഗ് യൂനിറ്റ് |
| അടങ്കൽ | ₹ 50,000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹ 47,600 ബിൽ നമ്പർ 4/20-21/27-02-2021 |

സർക്കാർ യു പി സ്കൂളിൽ പെൺകുട്ടികൾക്ക് സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീൻ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ ഏജൻസിയായ KSWDC യിൽ നിന്ന് നേരിട്ട് വാങ്ങുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സർക്കാർ ഏജൻസിയായ KSWDC യിൽ നിന്ന് നേരിട്ട് വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതെങ്കിലും സ്വകാര്യ സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ വഴിയാണ് മെഷീൻ വാങ്ങിയിട്ടുള്ളത് (ഗ്രീൻ ഓക്സിഗാർഡ്, സൗത്ത് ബസാർ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 231, തീയതി 16-02-2021 പ്രകാരം).

2. നാപ്കിൻ വെന്റിംഗ് യൂനിറ്റ് സ്ഥാപിക്കുവാനാണ് പദ്ധതി തയ്യാറാക്കിയതെങ്കിലും ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയിട്ടുള്ളത് ഇൻസിനറേറ്ററാണ്. സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത് നാപ്കിൻ വെന്റിംഗ് യൂനിറ്റ് എന്നാണ്. പൊരുത്തക്കേട് വിശദീകരിക്കപ്പെട്ടിട്ടില്ല.

3. ഗ്രീൻ ഓക്സിഗാർഡ് സമർപ്പിച്ച ക്വട്ടേഷനിൽ 2 മോഡലും ക്വട്ടേഷനോടൊപ്പമുള്ള ബ്രോഷറിൽ 8 മോഡലുകളും ഇൻസിനറേറ്ററുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രീൻ ഓക്സിഗാർഡിന്റെ ബില്ലിൽ ഏത് മോഡലാണ് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കിയിട്ടില്ല. ബില്ലിലും സ്റ്റോക്ക് രജിസ്റ്ററിലും സ്പെസിഫിക്കേഷനും മെഷീൻ കപ്പാസിറ്റിയും രേഖപ്പെടുത്തിയിട്ടില്ല.

4. ലഭിച്ച ഇൻസിനറേറ്ററുകൾ ക്ഷമതയുള്ള ഉദ്യോഗസ്ഥനോ പർച്ചേസിംഗ് കമ്മിറ്റിയോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ബില്ലിൽ സ്റ്റോക്ക് എൻട്രി സർട്ടിഫൈ ചെയ്തിട്ടില്ല.

5. ഹെഡ് മാസ്റ്റർ 2020-21 വർഷം നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/20-21, തീയതി 16-08-2021) ആരോഗ്യവകുപ്പ് അധികൃതരുമായും ശുചിത്വ മിഷൻ അധികൃതരുമായും പലതവണ ബന്ധപ്പെട്ടെങ്കിലും വിതരണ ഏജൻസിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭിച്ചില്ല എന്നും വർഷാവസാനമായതിനാലും സ്കൂളിന് ആവശ്യമായതിനാലുമാണ് ക്വട്ടേഷൻ വിളിച്ച് വാങ്ങിയത് എന്നും മറുപടി നൽകിയിട്ടുണ്ട്. നാപ്കിൻ നശിപ്പിക്കുന്നതിനുള്ള ഉപകരണത്തിനാണ് സ്കൂൾ അധികൃതർ ആവശ്യപ്പെട്ടതെങ്കിലും പ്രോജക്ടിൽ ഇൻസിനറേറ്ററിന് പകരം തെറ്റായി വെന്റിംഗ് എന്ന് ചേർത്തുപോയതാണ് എന്നും റിവിഷനുള്ള സമയം കഴിഞ്ഞുപോയതിനാൽ റിവൈസ് ചെയ്യാൻ സാധിച്ചില്ല എന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പ്രോജക്ട് തയ്യാറാക്കുന്നത് വേണ്ടത്ര ശ്രദ്ധയോടെ ചെയ്യുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഇൻസിനറേറ്റർ സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട് എന്നും 'ജംപോ സൂപ്പർ' എന്ന മോഡലാണ് സ്ഥാപിച്ചതെന്നും ഹെഡ് മാസ്റ്റർ അറിയിച്ചിട്ടുണ്ട്. ഈ മോഡൽ തന്നെയാണോ സ്ഥാപനം വിതരണം ചെയ്തതെന്ന് വ്യക്തമല്ല. മേൽപ്പറഞ്ഞ അപാകങ്ങൾ കാരണം ₹47,600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 സർക്കാർ സ്കൂൾ ക്ലാസ്സ് ലൈബ്രറി പുസ്തക വിതരണം - പ്രോജക്ട് നടപ്പിലാക്കിയതിലെ

**അപാകങ്ങൾ ₹2,45,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ / പേര് | 51/21<br>സർക്കാർ സ്കൂൾ ക്ലാസ്സ് ലൈബ്രറി പുസ്തക വിതരണം |
| അടങ്കൽ | ₹ 2,45,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 2,45,000 ബിൽ നമ്പർ : 6/20-21/09-03-2021 |

സർക്കാർ സ്കൂളുകളിലെ ക്ലാസ്സ് മുറികളിൽ ലൈബ്രറി സ്ഥാപിക്കുന്നതിന് അലമാര, പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 11 ക്ലാസ്സ് മുറികളിൽ അലമാര, 19 ക്ലാസ്സുകളിലേക്കുള്ള ലൈബ്രറി പുസ്തകങ്ങൾ എന്നിവ വാങ്ങി നൽകുന്നു. അലമാര KSRCO Ltd. ൽ നിന്നും പുസ്തകങ്ങൾ അംഗീകൃത ഏജൻസിയിൽ നിന്നും നേരിട്ട് വാങ്ങുന്നു. അലമാര 11 എണ്ണത്തിന് ₹ 55,000 യും 19 ക്ലാസ്സുകളിലെ ലൈബ്രറി പുസ്തകങ്ങൾക്ക് ₹1,90,000 യും അടക്കം ആകെ ₹2,45,000 അടങ്കലായുള്ള ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഒരു അലമാരയ്ക്ക് ₹5,000 നിരക്കിൽ 11 എണ്ണം ₹55,000 യ്ക്ക് KSRCO Ltd.ൽ നിന്ന് വാങ്ങാനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഇതിനു വിപരീതമായി ₹6,380 നിരക്കിൽ 11 അലമാരകൾ ₹70,183 യ്ക്ക് സിഡ്കോയിൽനിന്നാണ് വാങ്ങിയിട്ടുള്ളത്. പ്രോജക്ടിൽ വിഭാവനം ചെയ്തതിലും അധികരിച്ച തുകയ്ക്ക് സിഡ്കോയിൽ നിന്നും അലമാര വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനും സിഡ്കോയിൽ നിന്നും വാങ്ങിയ 11 സ്റ്റീൽ കാബിനറ്റ് (127 X 76 X 43 Cm, 22g) ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സ്പെസിഫിക്കേഷൻ, ഗുണമേന്മ എന്നിവ ഉറപ്പാക്കിയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രോജക്ട് ഡാറ്റാ എൻട്രി നടത്തുന്ന സമയത്ത് വന്ന പിശകാണ് KSRCO Ltd. എന്ന പേര് വന്നതെന്നും ₹5,000 നിരക്കിലുള്ള അലമാര വാങ്ങാനാണ് ഉദ്ദേശിച്ചതെങ്കിലും ഇതിന് ഗുണനിലവാരവും സൗകര്യവും കുറവായതിനാലുമാണ് കൂടിയ വിലയ്ക്ക് അലമാര വാങ്ങിയത് എന്നാണ് ഹെഡ് മാസ്റ്റർ മറുപടി നൽകിയിരിക്കുന്നത്. എന്നാൽ ഇക്കാര്യങ്ങളിൽ പ്രൊക്യുയർമെന്റ് കമ്മിറ്റി, ഭരണസമിതി ചർച്ച ചെയ്ത് തീരുമാനമെടുത്തതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ലഭിച്ച സാധനത്തിന്റെ ഗുണമേന്മയും സ്പെസിഫിക്കേനും പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന് അറിയില്ലായിരുന്നു എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്.

2. കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും ബിൽ നമ്പർ 1069/16-02-2021 പ്രകാരം 446 ഇനം പുസ്തകങ്ങൾ ജി എൽ പി എസ് കൊടോളിപ്രത്തിനും ബിൽ നമ്പർ 1070/16-02-2021 പ്രകാരം 467 ഇനം പുസ്തകങ്ങൾ ജി യു പി എസ് ആയിപ്പുഴയ്ക്കും നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി നൽകിയിട്ടുണ്ട്. ബിൽ പ്രകാരമുള്ള പുസ്തകങ്ങളുടെ പേര് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. രണ്ടു ബില്ലുകളുടെയും നമ്പർ മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ലഭിച്ച പുസ്തകങ്ങൾ പരിശോധിച്ച് ഉറപ്പു വരുത്തി സ്റ്റോക്ക് എൻട്രി നടത്തി ബില്ലുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പറിട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. രണ്ട് സ്കൂളുകളിലും നേരിട്ട് പരിശോധന നടത്തിയതിൽ ജിയുപിഎസ് ആയിപ്പുഴയിൽ സ്റ്റോക്ക് രജിസ്റ്റർ മുഴുവനായി എഴുതിയിട്ടില്ല എന്നു ബോധ്യപ്പെട്ടു.

മേൽപ്പറഞ്ഞ കാരണങ്ങളാൽ ₹2,45,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-31 മെഡിക്കൽ ഓഫീസർ ക്യാഷ് ബുക്ക് എഴുതുന്നതിലെ അപാകങ്ങൾ.**

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ സൂക്ഷിക്കുന്ന ക്യാഷ് ബുക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പദ്ധതി നിർവഹണത്തിനായി പിൻവലിക്കുന്ന തുകകൾ - ക്യാഷ് ബുക്കിലേയും ബിൽ ബുക്കിലേയും തീയതികൾ പൊരുത്തപ്പെടുന്നില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | തുക/ബിൽ നമ്പർ / തീയതി | ട്രഷറി ബിൽ ബുക്ക് പ്രകാരം ക്യാഷ്ബുക്കിൽ ചേർത്ത തീയ്യതി | ക്യാഷ് ബുക്കിൽ ചേർത്ത തീയതി |
|---|---|---|---|
| 1 | ₹22050<br>1/20-21/10-06-2020 | 11-06-2020 | 13-07-2020 |
| 2 | ₹99,230<br>9/20-21/24-11- | 24-11-2020 | 05-12-2020 |

| | | | |
|---|---|---|---|
| | 2020 | | |
| 3 | ₹1,50,000 12/20-21/30-11-2020 | 30-11-2020 | 05-12-2020 |
| 4 | ₹63,510 13/20-21/16-01-2021 | 16-01-2021 | 19-01-2021 |

തുക പിൻവലിച്ചതിനുശേഷം ക്യാഷ്ബുക്കിൽ ചേർക്കാതെ ഇത്രയും ദിവസം കാലതാമസം വരുത്തിയതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

2. വലിയ തുക നീക്കിയിരിപ്പുണ്ടെങ്കിലും തുടർച്ചയായ ദിവസങ്ങളിൽ ക്യാഷ്ബുക്ക് എഴുതുന്നില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്യാഷ് ബുക്കിൽ എൻട്രിയുള്ള തീയതികൾ | മുന്നിരിപ്പ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|
| 02-06-2020 | - | 22500 |
| 11-06-2020 | 22500 | 5301 |
| 09-07-2020 | 5301 | 7621 |
| 13-07-2020 | 7621 | 7621 |
| 14-07-2020 | 7621 | 210121 |
| 23-07-2020 | 210121 | 268121 |
| 12-08-2020 | 15647 | 15647 |
| 20-08-2020 | 15647 | 15425 |
| 21-08-2020 | 15425 | 131892 |
| 27-08-2020 | 131892 | 131892 |

വരവോ ചെലവോ ഇല്ലാത്ത ദിവസങ്ങളിൽ ഇടപാട് നടന്നിട്ടില്ല എന്ന് രേഖപ്പെടുത്തുന്നില്ല. ദൈനംദിന വരവുചെലവുകൾ അതാതു ദിവസം തന്നെ ക്യാഷ്ബുക്കിൽ ചേർക്കണമെന്നിരിക്കെ ഈ വിധത്തിൽ ക്യാഷ്ബുക്ക് എഴുതുന്നതിന് കാരണം വിശദമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 23/23-08-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് ക്യാഷ്ബുക്ക് കുറ്റമറ്റരീതിയിൽ സൂക്ഷിക്കേണ്ടതാണ്.

## 1-32 എഫ്.എച്ച്.സി-യിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവൻ ലഭിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്റ്റിന്റെ നമ്പർ, പേര് | 39/21, എഫ്. എച്ച്. സി യിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ<br>ആകെ | ₹ 1,00,000 തനത് ഫണ്ട്<br>₹ 1,50,000 സംരക്ഷണ ഗ്രാന്റ്- റോഡിതരം<br>₹ 2,50,000 |
| ചെലവ്<br>ആകെ ചെലവ് | ₹ 1,50,000 ബിൽ നമ്പർ 10/20-21/16-11-2020<br>₹ 1,00,000 ചെക്ക് നമ്പർ 554079/04-03-2021<br>₹ 2,50,000 |

എഫ്. എച്ച്. സി യിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്റ്റിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും 13-11-2020 ന് ലഭ്യമാക്കിയ എൻ എ സിയുടെ അടിസ്ഥാനത്തിൽ 30-11-2020 ന് ₹1,50,000 യും 08-02-2021 ന് ലഭ്യമാക്കിയ എൻ എ സിയുടെ അടിസ്ഥാനത്തിൽ 29-03-2021 ന് ₹1,00,000 യും ചേർത്ത് ആകെ ₹2,50,000 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കെ എം എസ് സി എൽ രണ്ട് പ്രഫോർമ ഇൻവോയ്സുകൾ (യഥാക്രമം PRF 2858, തീയതി 12-10-2020, PRF 5170, തീയതി 06-02-2021) മെഡിക്കൽ ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. മെഡിക്കൽ ഓഫീസർ ആദ്യ പ്രഫോർമ ഇൻവോയ്സ് ക്യാൻസൽ ചെയ്ത് തുക കൊടുത്തതായും ലഭിച്ച മരുന്നുകൾ സ്റ്റോക്കിലെടുത്തതായും സർട്ടിഫൈ ചെയ്തിട്ടുണ്ട്. ബില്ലിൽ സ്റ്റോക്ക് രജിസ്റ്ററിലെ പേജ് നമ്പർ ചേർത്തിട്ടില്ല. മരുന്ന് ലഭിച്ചതിന്റെ അസ്സൽ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ മെഡിക്കൽ ഓഫീസർ നമ്പർ 210/21, തീയതി 28-03-2021 പ്രകാരം കെ എം എസ് സി എൽ മാനേജർക്ക് കത്തയച്ചിട്ടുണ്ട്. മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ യഥാർത്ഥത്തിൽ മരുന്ന് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമല്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 21/20-21, തീയതി 23-08-2021) നൽകിയ മറുപടി തൃപ്തികരമല്ല. മരുന്ന് വാങ്ങുന്നതിന് മുൻകൂർ തുക നൽകാൻ അനുമതി ഉണ്ടായിരിക്കേ യഥാർത്ഥത്തിൽ ലഭ്യമല്ലാത്ത മരുന്ന് പ്രഫോർമ ഇൻവോയ്സ് ലഭിച്ച തീയതിയിൽ തന്നെ ലഭിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നത് ശരിയായ നടപടിയല്ല. ₹1,32,821 യുള്ള മരുന്ന് ലഭിച്ചതിന്റെ ബില്ലുകൾ മാത്രമാണ് മറുപടിയോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ₹2,50,000 യുടെയും മരുന്ന് എഫ്. എച്ച്. സി യിൽ ലഭിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-33 സാന്ത്വന പരിചരണം - രേഖകൾ ലഭ്യമാക്കിയില്ല - ₹49,175 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്റ്റിന്റെ നമ്പർ, പേര് | 28/21, സാന്ത്വന ചികിത്സ |
| അടങ്കൽ | ₹ 3,15,045 (വികസന ഫണ്ട്, ജനറൽ)<br>₹ 50,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹ 4,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ – ₹ 7,65,045 |
| ചെലവ് | ₹ 3,15,045 (വികസന ഫണ്ട്, ജനറൽ)<br>₹ 2,93,995 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ – ₹ 6,09,040 |

കൂടാളി ഗ്രാമ പഞ്ചായത്തിലെ ശയ്യാവലംബികളായ രോഗികൾക്ക് അവരുടെ വീടുകളിൽ ചെന്ന് ആഴ്ചയിൽ 2 തവണ ചികിത്സ നൽകുന്നതിനും മരുന്നുകളും കിടപ്പുരോഗികൾക്ക് വീൽചെയർ, വാക്കർ, വാക്കിംഗ് സ്റ്റിക്ക്, വാട്ടർ ബെഡ്, കോമ്മോഡ് ചെയർ തുടങ്ങി ഉപകരണങ്ങൾ ആവശ്യകതയ്ക്കനുസരിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് വാങ്ങുന്നതിനും കമ്മ്യൂണിറ്റി നഴ്സ് ഹോണറേറിയം, ഫോൺ അലവൻസ്, ഡ്രൈവർ വേതനം, ഇന്ധനച്ചെലവ്, ഭക്ഷണം, യാത്ര, പരിശീലനം, സ്റ്റേഷനറി, പ്രിന്റിംഗ്, കിടപ്പുരോഗികൾക്ക് പോഷകാഹാര കിറ്റ് വിതരണം, ഉപകരണങ്ങൾ, മരുന്ന് എന്നിവ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് വാങ്ങുന്നതിനുമാണ് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്റ്റിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പെയിൻ & പാലിയേറ്റീവ് പദ്ധതിയിൽ ബിൽ നമ്പർ 23/20-21, തീയതി 29-03-21 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങാൻ ₹ 1,49,999 – ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടുണ്ട്. കെ എം എസ് സി എൽ ലഭ്യമാക്കിയ പ്രഫോർമ ഇൻവോ യ്സുകൾ (നം. PRF 3220, 03-11-2020, നം. PRF 3692, 27-11-2020) പ്രകാരമാണ്₹1,49,999 കെ എം എസ് സി എൽ-ന്റെ പഞ്ചാബ് നാഷണൽ ബാങ്കിലെ 3624001000000019 നമ്പർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. പ്രഫോർമ ഇൻവോയ്സുകളിലാണ് ക്യാൻസൽ ചെയ്ത് പേയ്മെന്റ്

സർട്ടിഫിക്കറ്റ് എഴുതിയിട്ടുള്ളത്. പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ സ്റ്റോക്ക് രജിസ്റ്റർ പേജ് 146, 147 -ൽ പ്രഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്നുകൾ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

മരുന്നിന്റെ അസ്സൽ ബിൽ ഫയലിൽ സൂക്ഷിക്കുകയോ അതിൽ ലഭിച്ച മരുന്നിന്റെ അളവും ഗുണവും പരിശോധിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി സർട്ടിഫൈ ചെയ്യുകയോ ചെയ്യാത്തതിനാൽ മരുന്ന് യഥാർത്ഥത്തിൽ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ മുഴുവനും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ അസ്സൽ ബില്ലുകളും വിതരണം ചെയ്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 20/23-08-2021) മരുന്നിന്റെ അസ്സൽ ബിൽ ഫയലിൽ സൂക്ഷിക്കുകയും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും ഫ്രഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്നുകൾ മുഴുവനായും ലഭിച്ചിട്ടില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ₹ 47,704 നുള്ള മരുന്നുകൾ ലഭിച്ചതിന്റെ ബിൽ മാത്രമാണ് (ഇൻവോയ്സ് നമ്പർ 4841, തീയതി 06-08-2021) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. മുഴുവൻ മരുന്നും ലഭിക്കുന്നതിനു മുൻപ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തത് വിശദീകരിക്കപ്പെട്ടിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

2. ബിൽ നമ്പർ 22/20-21, തീയതി 27-03-2021 ; ₹ 49,175 ചെലവഴിച്ച് ചാലോട് നീതി സ്റ്റോറിൽ നിന്നും ചുവടെ ചേർത്ത പ്രകാരം ഫുഡ് കിറ്റ് വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | സാധനം | അളവ് |
|---|---|---|
| 1 | Ensure Vanila 200 Mg | 63 |
| 2 | Ensure Vanila 200 Mg | 63 |

പട്ടിക പ്രകാരം ലഭിച്ച സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്റർ പേജ് 148 ൽ ചേർത്തിട്ടുണ്ടെങ്കിലും ഇതിന്റെ ഗുണഭോക്താക്കൾ ആരെന്നോ അവർക്ക് ഫുഡ് കിറ്റ് വിതരണം ചെയ്തതിന്റെ രേഖകളോ ഫയലിൽ ലഭ്യമല്ല. ഫുഡ് കിറ്റ് വിതരണം ചെയ്തതിന്റെ മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 20/23-08-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹49,175 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 എഫ് എച്ച് സി-യിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങലിലെ അപാകങ്ങൾ ₹70,339 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 71/21, എഫ്.എച്ച്.സി യിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹ 1,00,000 (സംരക്ഷണ ഗ്രാന്റ്- റോഡിതരം) |
| ചെലവ് | ₹ 63,350 ബിൽ നമ്പർ 17/20-21/16-03-2021<br>₹ 6,989 ബിൽ നമ്പർ 18/20-21/24-03-2021 |
| ആകെ ചെലവ് | ₹ 70,339 |

കുടാളി എഫ്.എച്ച്.സി യിലേക്ക് ജോലി ലഘൂകരണത്തിന്റെ ഭാഗമായി ഓഫീസിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ₹1,00,000 അടങ്കലിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. കെൽട്രോണിന്റെ TVM/ITBG/P1/RC/23829/20-21/8-3-2021 നമ്പർ പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന് ₹43,162 യും TVM/ITBG/P1/ RC/23829/20-21//8-3-2021 നമ്പർ പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ പ്രിന്ററിന് ₹20,188 യും ചേർത്ത് ആകെ ₹63,350 കേരള സംസ്ഥാന ഐ ടി മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 799011400003959) മേല്പറഞ്ഞ ബിൽ പ്രകാരം തുക പിൻവലിച്ച് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരുന്നു. കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമാക്കാത്തതിന് 09-06-2021 ന് കേരള സംസ്ഥാന ഐ ടി മിഷൻ മാനേജർക്ക് മെഡിക്കൽ ഓഫീസർ കത്തയച്ചിട്ടുണ്ട് (നമ്പർ 263/21, തീയതി 09-06-2021)

എന്നാൽ മെഡിക്കൽ ഓഫീസർ പ്രഫോർമ ഇൻവോയ്സ് ക്യാൻസൽ ചെയ്ത് ₹63,350 നൽകിയതായി രേഖപ്പെടുത്തുകയും ഇൻവോയ്സിൽ പറഞ്ഞ കമ്പ്യൂട്ടറും പ്രിന്ററും നല്ല കണ്ടീഷനിൽ ലഭിച്ചിട്ടുണ്ടെന്നും ലോക്കൽ പർച്ചേസ് സ്റ്റോക്ക് രജിസ്റ്റർ പേജ് 85, 86 ൽ ചേർത്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ

കമ്പ്യൂട്ടറും പ്രിന്ററും 08-03-2021 ന് തന്നെ ലഭിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവ ലഭിച്ചതിന്റെ അസ്സൽ ബിൽ ഫയലിൽ ലഭ്യമല്ല. കമ്പ്യൂട്ടറും പ്രിന്ററും ഇതിനോടകം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനും ഉപകരണങ്ങൾ ലഭ്യമാകുന്നതിനു മുൻപ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന് കാരണം വിശദീകരിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 22/23-08-2021) ലഭ്യമാക്കിയ മറുപടിയിൽ പ്രിന്റർ ലഭിച്ചതിന്റെ അസ്സൽ ബിൽ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. കെൽട്രോൺ പോലുള്ള സ്ഥാപനങ്ങളിൽ പ്രഫോർമ ഇൻവോയ്സ് ക്യാൻസൽ ചെയ്താണ് ബിൽ മാറാറുള്ളത് എന്നും മട്ടന്നൂർ സബ് ട്രഷറിയിൽ നിന്ന് സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് ഇല്ലാത്ത ബിൽ പാസ്സാക്കാറില്ല എന്നും കെൽട്രോണിൽ നിന്ന് കമ്പ്യൂട്ടർ വാങ്ങുമ്പോൾ ബിൽ തുക കൈമാറി 45 ദിവസങ്ങൾക്ക് ശേഷം മാത്രമേ ഉപകരണങ്ങൾ വിതരണം നടത്താറുള്ളൂ എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പ്രഫോർമ ഇൻവോയ്സ് ഉപയോഗിച്ച് മുൻകൂർ തുക നൽകാമെങ്കിലും അന്നേ ദിവസം തന്നെ വാങ്ങുന്ന സാധനങ്ങൾ യഥാർത്ഥത്തിൽ ലഭിക്കാതെ സ്റ്റോക്കിലെടുക്കുന്നത് ശരിയായ നടപടിയല്ല. കമ്പ്യൂട്ടർ ലഭിച്ചതിന്റെ അസ്സൽ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും അപാകങ്ങൾ പരിഹരി ക്കേണ്ടതുമാണ്.

2. ബിൽ നമ്പർ 18/20-21, 24-03-2021 പ്രകാരം ₹ 6,989 പിൻവലിച്ച് 120 X 60 X 75 Cm, 20 Guage സ്റ്റീൽ കമ്പ്യൂട്ടർ ടേബിൾ വാങ്ങുന്നതിന് സിഡ്കോയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 57066443207, SBI) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. 10-03-2021 ലെ SSEKNR/P1/ 20-21/283 പ്രഫോർമ ഇൻവോയ്സ് ക്യാൻസൽചെയ്ത് തുക നൽകിയതായും അലമാര അന്നുതന്നെ ലഭിച്ച് സ്റ്റോക്ക് രജിസ്റ്റർ പേജ് 97 ൽ ചേർത്തതായി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ അസ്സൽ ബിൽ പ്രകാരം അലമാര ലഭിച്ചത് 26-03-2021 നാണ് (ഇൻവോയ്സ് നമ്പർ KNR/20-21/174). സിഡ്കോ ലഭ്യമാക്കിയ അലമാരയുടെ സ്പെസിഫിക്കേഷൻ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനും അലമാര ലഭ്യമാകുന്നതിനു മുൻപ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന് കാരണം വിശദീകരിക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ മാർച്ച് 31 ന് സാമ്പത്തിക വർഷം അവസാനിക്കുന്നത് കൊണ്ടാണ് പ്രഫോർമ ഇൻവോയ്സ് ഉപയോഗിച്ച് ബിൽ മാറിയതെന്നും സപ്ലൈഓർഡർ നൽകുന്ന സമയത്ത് ഫർണിച്ചർ സ്റ്റോക്കില്ലാത്തതു കൊണ്ടാണ് ലഭിക്കാൻ വൈകിയതെന്നും സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് എഴുതിയാൽ മാത്രമേ ട്രഷറിയിൽ നിന്ന് ബിൽ പാസ്സാക്കാറുള്ളൂ എന്നുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി തൃപ്തികരമല്ല.
മേൽപ്പറഞ്ഞ കാരണങ്ങളാൽ ₹70,339 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (സ്പിൽ ഓവർ)- സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്റ്റ് നമ്പർ, പേര് | 162/21,<br>വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 1,00,000 സംരക്ഷണ ഗ്രാന്റ്, റോഡിതരം |
| ചെലവ് | ₹ 1,00,000 ബിൽ നമ്പർ 1/20-21/16-04-2020 |

വളർത്തു മൃഗങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് ₹ 1,00,000 ഉപയോഗിച്ച് വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ടെണ്ടർ ക്ഷണിച്ച് മരുന്ന് വാങ്ങുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. (2018-19 വർഷം ₹1,00,000 സംരക്ഷണ ഗ്രാന്റ്, റോഡിതരത്തിൽ ചെലവഴിക്കാൻ സാധിക്കാത്ത തുകയ്ക്ക് തൻവർഷം സ്പിൽ ഓവർ പ്രോജക്റ്റ് തയ്യാറാക്കിയത്) മേല്പറഞ്ഞ ബിൽ പ്രകാരം ₹1,00,000 പിൻവലിച്ച് ന്യൂ ഫാർമ എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 40487111000195) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നമ്പർ NP-4693, 07-03-2020 പ്രകാരം ലഭിച്ച മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 34/20-21, തീയതി 27-08-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-36 വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ -രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| | |

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 66/21, വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 1,00,000 സംരക്ഷണ ഗ്രാന്റ്, റോഡിതരം |
| ചെലവ് | ₹ 1,00,000 ബിൽ നമ്പർ 5/20-21/24-02-2021 |

വളർത്തു മൃഗങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് ₹1,00,000 ഉപയോഗിച്ച് വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ടെണ്ടർ ക്ഷണിച്ച് മരുന്ന് വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. മേല്പറഞ്ഞ ബിൽ പ്രകാരം ₹1,00,000 പിൻവലിച്ച് ഉഷാര ഡിസ്ട്രിബ്യൂട്ടേർസ് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 00160200005039) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ബിൽ നമ്പർ 1141/08-02-2021 പ്രകാരം ലഭിച്ച മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. വെറ്ററിനറി സർജൻ ഡിസ്പെൻസറിയിലേക്ക് വേണ്ട മരുന്നുകളുടെ ആവശ്യകത നിർണ്ണയിച്ചിട്ടില്ല.

3. ജില്ലാ വെറ്ററിനറി സ്റ്റോറിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

4. മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 33/20-21, തീയതി 27-08-2021) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-37 കന്നുകുട്ടി പരിപാലനം - രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കിയിട്ടില്ല ₹4,62,500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 65/21, കന്നുകുട്ടി പരിപാലനം |
| അടങ്കൽ<br>ആകെ | ₹ 4,62,500 വികസനഫണ്ട് പൊതുവിഭാഗം<br>₹ 4,62,500 മറ്റുള്ളവ<br>₹ 9,25,000 |
| ചെലവ് | ₹ 4,62,500 ബിൽ നമ്പർ 4/20-21/24-02-2021 |

4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് പോഷക സമ്പുഷ്ടമായ കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 37 ഗുണഭോക്താക്കൾക്ക് കൂടാളി ക്ഷീരസഹകരണ സംഘത്തിൽ നിന്നുമാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. ₹4,62,500 പിൻവലിച്ച് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീത്, നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട്, കാലിത്തീറ്റ വിതരണ രജിസ്റ്റർ, വെറ്ററിനറി സർജൻ മൃഗാസ്പത്രിയിൽ സൂക്ഷിക്കുന്ന കന്നുകുട്ടി ജനന രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയതിനാൽ ₹4,62,500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 കോഴിയും കൂട്ടും പദ്ധതി (സ്പിൽ ഓവർ) - നിർവ്വഹണത്തിലെ അപാകങ്ങൾ ₹5,50,850 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 223/21, കോഴിയും കൂട്ടും പദ്ധതി (സ്പിൽ ഓവർ) |
| അടങ്കൽ<br>ആകെ | ₹ 2,25,000 വികസനഫണ്ട് പൊതുവിഭാഗം<br>₹ 400 തനത് ഫണ്ട്<br>₹ 5,87,650 മറ്റുള്ളവ<br>₹ 8,13,050 |
| ചെലവ് | ₹ 1,53,525 വികസനഫണ്ട് പൊതുവിഭാഗം<br>₹ 3,97,325 മറ്റുള്ളവ<br>₹ 31,625 ബിൽ നമ്പർ 3/20-21, 11-12-2020 |

| | |
|---|---|
| ആകെ | ₹ 1,21,900 ബിൽ നമ്പർ 6/20-21, 16-03-2021<br>₹ 3,65,700 ചെക്ക് നമ്പർ 00201501, 01-10-2020<br>₹ 31,625 ചെക്ക് നമ്പർ 9174588, 27-01-2021<br>₹ 5,50,850 |

40-60 ദിവസം പ്രായമുള്ള 5 മുട്ടക്കോഴികളെ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനും കോഴിക്കൂടിന് 25% നിരക്കിൽ ധനസഹായം നൽകുന്നതിനുമാണ് ഈ പ്രോജക്റ്റ്. 10 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കൂടിന്റെ യൂനിറ്റ് കോസ്റ്റ് 4500 രൂപയാണെന്നും കോഴിക്കുഞ്ഞിന്റെ യൂനിറ്റ് കോസ്റ്റ് 110 രൂപയാണെന്നും ജില്ലാതല സാങ്കേതിക വിദഗ്ധ സമിതി നിശ്ചയിച്ചിരിക്കുന്നു. പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. കോഴിക്കൂട് ലഭ്യമാക്കുന്നതിന് ഇ ടെണ്ടർ വിളിച്ചതിൽ രണ്ട് സ്ഥാപനങ്ങളാണ് പങ്കെടുത്തത്. കോട്ടക്കുന്ന് അഗ്രോ& പൗൾട്രി ഫാർമേർസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് മലപ്പുറവും എക്സൽ ട്രേഡേർസ്, താണ, കണ്ണൂരും. ഏത് സ്ഥാപനത്തെയാണ് കോഴിക്കൂട് വിതരണത്തിന് തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുന്ന രേഖകൾ, പഞ്ചായത്ത് തീരുമാനം, പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ്, പർച്ചേസ് ഓർഡർ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. ബിൽ നമ്പർ 6/20-21, 16-03-2021 പ്രകാരം പിൻവലിച്ച ₹ 1,21,900, ചെക്ക് നമ്പർ 00201501, 01-10-2020 പ്രകാരം പിൻവലിച്ച ₹3,65,700എന്നിവ ആരുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തതെന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ഇല്ല.

3. കോട്ടക്കുന്ന് അഗ്രോ& പൗൾട്രി ഫാർമേർസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് മലപ്പുറത്തിന്റെ 29-07-2020 ലെ 19 -ാം നമ്പർ ക്യാഷ് ഇൻവോയ്സ് പ്രകാരം ഒരു യൂനിറ്റിന് ₹ 4,240 നിരക്കിൽ 115 കൂടിന് ₹ 4,87,600 രൂപയ്ക്ക് കാളികാവ് ഗ്രാമ പഞ്ചായത്ത് വെറ്ററിനറി സർജൻ കോഴിക്കൂട് വാങ്ങിയതിന്റെ ബില്ലാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഈ ബിൽ ക്യാൻസൽ ചെയ്താണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ₹ 1,21,900 യുടെ പേയ്മെന്റ് നടത്തിയതായി സർട്ടിഫൈ ചെയ്തിട്ടുള്ളത്. ടെണ്ടർ അപേക്ഷയിൽ പറഞ്ഞ സ്പെസിഫിക്കേഷനോട് കൂടിയ 115 കൂടുകൾ നല്ല കണ്ടീഷനിൽ ലഭിച്ചു എന്നും ഇവ എക്വിപ്പ്മെന്റ്സ് സ്റ്റോക്ക് രജിസ്റ്റർ പേജ് 20 ൽ ചേർത്തിട്ടുണ്ടെന്നും ഈ ബില്ലിൽതന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പൊരുത്തക്കേടിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. യഥാർത്ഥ ബിൽ ഫയലിൽ ഇല്ലാത്തതിനാൽ ആകെ എത്ര കൂടുകൾ വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമല്ല. 114 ഗുണഭോക്താക്കൾ കൂടുകൾ കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

5. കാരുണ്യ എഗ്ഗർ നഴ്സറിയുടെ 07-10-2020 ലെ ബിൽ പ്രകാരം ₹ 63,250 യ്ക്ക് 575 മുട്ടക്കോഴികൾ വാങ്ങിയിട്ടുണ്ട്. ജി എസ് ടി ഇല്ലാത്ത സാധാരണ ബില്ലാണ് എഗ്ഗർ നഴ്സറി അനുവദിച്ചിട്ടുള്ളത്.

6. പ്രൊക്യൂർമെന്റ് കമ്മിറ്റി/ക്ഷമതയുള്ള ഉദ്യോഗസ്ഥൻ കൂടിന്റെ സ്പെസിഫിക്കേഷൻ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

7. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല.

മേൽപറഞ്ഞ അപാകങ്ങൾ പരിഹരിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 35/20-21, തീയതി 27-08-2021) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹5,50,850 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 ഗാർഹിക റിംഗ് കമ്പോസ്റ്റ് യൂണിറ്റ് -പദ്ധതി പൂർത്തീകരിച്ചിട്ടില്ല ₹2,81,250 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കൂടാളി |
| പ്രോജക്റ്റ് നമ്പർ, പേര് | 136/21, ഗാർഹിക റിംഗ് കമ്പോസ്റ്റ് യൂണിറ്റ് |
| അടങ്കൽ | ₹ 1,87,500 ധനകാര്യ കമ്മീഷൻ അവാർഡ് |
| | ₹ 93,750 സംസ്ഥാനാവിഷ്കൃത ഫണ്ട് |
| | ₹ 31,250 മറ്റുള്ളവ |
| ആകെ | ₹ 3,12,500 |
| ചെലവ് | ₹1,87,500 ബിൽ നമ്പർ 22/20-21/29-03-2021 |
| | ₹ 93,750 ചെക്ക് നമ്പർ 626052/30-03-2021 |
| | ₹ 2,81,250 |

| | |
|---|---|
| ആകെ ചെലവ് | |

മാലിന്യ സംസ്കരണത്തിനായി വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ₹1,87,500 ധനകാര്യ കമ്മീഷൻ അവാർഡും ₹ 93,750 സംസ്ഥാനാവിഷ്കൃത ഫണ്ടും ₹ 31,250 ഗുണഭോക്തൃ വിഹിതവും ചേർത്ത് ആകെ ₹ 3,12,500 യാണ് അടങ്കൽ നിശ്ചയിച്ചിട്ടുള്ളത്. സൂര്യ ഡിസ്ട്രിബ്യൂട്ടേർസ്, തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ വഴി ഇൻവോയ്സ് നമ്പർ 0034, തീയതി 24-03-2021 പ്രകാരം 125 റിംഗ് കമ്പോസ്റ്റ് യൂണിറ്റ് ₹3,11,875 യ്ക്ക് വാങ്ങിയിട്ടുണ്ട്. ഇതിന് ₹2,81,250 മാത്രമേ നൽകിയിട്ടുള്ളൂ. ₹31,250 ഗുണഭോക്തൃ വിഹിതം അടങ്കൽ വെച്ചിട്ടുണ്ടെങ്കിലും ഈയിനത്തിൽ ചെലവില്ല. 2020-21 ൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും പിരിച്ചെടുത്തിട്ടില്ലെങ്കിൽ ആയതിനുള്ള വിശദീകരണവും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 40/20-21, 27-08-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. 125 യൂണിറ്റ് റിംഗ് കമ്പോസ്റ്റ് സ്റ്റോക്ക് രജിസ്റ്റർ പേജ് 51 ൽ ചേർത്ത് വാർഡ് മെമ്പർമാർക്ക് കൈമാറിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾ റിംഗ് കമ്പോസ്റ്റ് കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടും ഇല്ല. പ്രോജക്ട് സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിച്ചിട്ടില്ല. ആയതിനാൽ ₹2,81,250 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-40 റോഡ് സൗകര്യമില്ലാത്തത് കാരണം പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്ത ബങ്കണപറമ്പ് വ്യവസായ കേന്ദ്രം നവീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച ₹424071 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ/പേര് | 63/2021 ബങ്കണപറമ്പ് വ്യവസായ കേന്ദ്രം നവീകരണം |
| അടങ്കൽ | ₹500000 ധനകാര്യ കമ്മിഷൻ അവാർഡ് |
| എഗ്രിമെന്റ് നമ്പർ തീയതി | AE/LSGD/KDLY/51/2020-21 തീയതി 20-01-2021 |
| എം ബുക്ക് നമ്പർ | 51/2020-21 |
| കരാറുകാരൻ | കെ പി ബിജു |
| ചെലവ് | ₹424071 ബിൽ നമ്പർ 83/20-21/30-03-2021 |

1997-98 ജനകീയാസൂത്രണ പദ്ധതി കാലയളവിൽ ആരംഭിച്ചതും 2002-03 കാലയളവിൽ നിർമ്മിച്ചതുമായ ബങ്കണപ്പറമ്പ് വ്യവസായ പാർക്ക് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രയോജനപെടുത്തുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. 1999 ൽ 1 ഏക്കർ 40 സെന്റ് സ്ഥലം ₹4,14,000 ചെലവഴിച്ച് വിലയ്ക്ക് വാങ്ങിയാണ് വ്യവസായ പാർക്ക് സ്ഥാപിച്ചത്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം വ്യവസായ പാർക്ക് നിർമ്മാണത്തിനും, അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഇതുവരെ ₹13,66,635 ചെലവഴിച്ചിട്ടുണ്ട്. വ്യവസായ പാർക്കിൽ രണ്ടു ബ്ലോക്കുകളാണ് നിലവിൽ പണിതിട്ടുള്ളത്. വ്യവസായ പാർക്കിൽ എത്തിച്ചേരാനുള്ള റോഡ് സൗകര്യത്തിന്റെ അഭാവം സംരംഭകരെ നിരുത്സാഹപെടുത്തുന്നു. വ്യവസായ പാർക്ക് നിർമ്മിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത സ്ഥലത്തേക്ക് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തി റോഡ് നിർമ്മിക്കുന്നതിന് കഴിഞ്ഞിട്ടില്ല. സ.ഉ(സാധാ) നം. 1514/18 ത.സ്വ.ഭ.വ തീയതി 2-6-2018 പ്രകാരം അനുസരിച്ച് 2013 ലെ എൽ. എ. ആക്ട് അനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കാൻ ₹3,50,000 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥലം ഇതുവരെ ഏറ്റെടുത്തിട്ടില്ല. ഇതുവരെ ചെലവഴിച്ച 21.3 ലക്ഷത്തിൽ അധികം രൂപ റോഡ് സൗകര്യമില്ലാത്തതുകാരണം നിഷ്ക്രിയമായി കിടക്കുന്ന അവസ്ഥയിൽ വീണ്ടും ₹424071 റോഡ് സൗകര്യം ഒരുക്കാതെ അടിയന്തിര പ്രാധാന്യമില്ലാത്ത നവീകരണത്തിനായി ചെലവഴിച്ചത് ശരിയായ നടപടിയല്ല. ആയതിനാൽ ₹424071 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. റോഡ് സൗകര്യം ഒരുക്കി വ്യവസായ പാർക്ക് പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-41 നിടുകുളം എസ് സി കോളനിയിൽ ഭവനസമുച്ചയം നവീകരണം വിശദവിവരങ്ങൾ ലഭ്യമല്ല.₹563242 ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നമ്പർ/പേര് | 202/21<br>നിടുകുളം എസ്.സി. കോളനിയിൽ ഭവന സമുച്ചയ നവീകരണം | 64/21<br>നിടുകുളം എസ്.സി.കോളനിയിൽ ഭവന സമുച്ചയ നവീകരണം |
| മുഖ്യ മേഖല | പശ്ചാത്തലം | സേവനം |
| അടങ്കൽ | ₹500000<br>₹271630 വികസന ഫണ്ട് (എസ് സി പി) | ₹618500<br>വികസന ഫണ്ട് (എസ് സി പി) |
| | ₹228170 തനത് ഫണ്ട് | - |
| എഗ്രിമെന്റ് നമ്പർ തീയതി | AE/LSGD/KDLY/41/19-20/ 29-01-2020 | AE/LSGD/KDLY/54/19-20 / 20-01-2021 |
| എം ബുക്ക് നമ്പർ | 41/2019-20 | 54/2021 |
| കരാറുകാരൻ | സജേഷ്. വി. | സജേഷ്. വി. |
| ചെലവ് | ₹271630<br>ബിൽ നമ്പർ 26/20-21/20-5-2020<br>₹196858<br>ചെക്ക് നമ്പർ 5832665/4-11-2020 | ₹94754<br>ബിൽ നമ്പർ 88/20-21/ 30-03-2021 |
| ആകെ | ₹ 468488 | ₹94754 |

നിടുകുളം എസ് സി കോളനിയിൽ ഭവനസമുച്ചയം നവീകരണത്തിനായി രണ്ട് പ്രോജക്ടുകളിലായി തൻവർഷം ₹563242 ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. നവീകരണ പ്രവൃത്തിയായിട്ടും കെട്ടിടം പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ (കെട്ടിടങ്ങളിൽ) ഉൾപ്പെട്ടിട്ടില്ല. കെട്ടിടത്തിന്റെ ഭൂമി ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട്.

2. കെട്ടിടം എന്ത് അവശ്യത്തിനാണ് നിർമ്മിച്ചതെന്ന് വ്യക്തമല്ല.

3. കെട്ടിടത്തിൽ ആരാണ് താമസിക്കുന്നതെന്നും, താമസക്കാരെ തിരഞ്ഞെടുത്തത് എങ്ങിനെയെന്നും വ്യക്തമല്ല.

4. പഞ്ചായത്തിൽ വീടില്ലാത്തവർക്ക് താമസസൗകര്യം ഒരുക്കുന്നതിന് ലൈഫ് മിഷൻ പോലുള്ള ഭവന പദ്ധതികൾ നിലവിലിരിക്കെ ഇത്തരത്തിൽ പ്രോജക്റ്റ് തയ്യാറാക്കി വികസനഫണ്ട് എസ് സി പി ചെലവഴിച്ചതിന്റെ കാരണം അറിയിക്കേണ്ടതാണ്.

കെട്ടിടത്തിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നല്കിയ 28/25-08-2021 പ്രകാരമുള്ള ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. മേൽ അപാകങ്ങൾ കാരണം ₹563242 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 19.73 ലക്ഷം രൂപയിലധികം തുക വിനിയോഗിച്ച വനിതാ വ്യവസായ എസ്റ്റേറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 വർഷ പ്രോജക്ടിൽ ഉൾപ്പെടുത്തി ആരംഭിച്ച വനിതാ വ്യവസായ എസ്റ്റേറ്റിന് ഇതുവരെ 19.73 ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടത്തിന് 2016-17 വർഷം ₹7,63,134 യും 2017-18 വർഷം ₹1,47,405 യും ചെലവഴിച്ചിട്ടുണ്ട്. കെട്ടിടത്തിന് 2019-20, 2020-21 വർഷത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | അസിസ്റ്റന്റ് എഞ്ചിനീയർ | | |
|---|---|---|---|---|
| പ്രോജക്റ്റ് | 130/20 | 164/20 | 106/20 | 181/21 |

| | | | | |
|---|---|---|---|---|
| നമ്പർ/പേര് | വനിതാ വ്യവസായ കേന്ദ്രം പൂർത്തീകരണം | വനിതാ വ്യവസായ കേന്ദ്രംപൂർത്തീകരണം | വനിതാ വ്യവസായ കേന്ദ്രം അധിക സൗകര്യമൊരുക്കൽ | വനിതാ വ്യവസായ കേന്ദ്രം അധിക സൗകര്യമൊരുക്കൽ |
| അടങ്കൽ | ₹473571 വികസനഫണ്ട് ജനറൽ | ₹250000 ധനകാര്യ കമ്മിഷൻ അവാർഡ് | ₹341000<br>₹16000 വികസനഫണ്ട് ജനറൽ<br>₹325000 ധനകാര്യ കമ്മിഷൻ അവാർഡ് | 325675<br>₹675 വികസനഫണ്ട് ജനറൽ<br>₹325000 ധനകാര്യ കമ്മിഷൻ അവാർഡ് |
| കരാറുകാരൻ | പി. പി. ശശികുമാർ | പി. പി. ശശികുമാർ | പ്രീയേഷ്. എ. | പ്രീയേഷ്. എ. |
| ചെലവ് | ₹ 235973<br>ബിൽ നമ്പർ 11/19-20/ 20-04-2019<br>₹237598<br>ബിൽ നമ്പർ 17/19-20/20-07-2019 | ₹ 249119<br>ബിൽ നമ്പർ 24/19-20/20-07-2019 | ₹ 15325<br>ബിൽ നമ്പർ 57/19-20/ 28-02-2020 | ₹325000<br>ബിൽ നമ്പർ 42/20-21/16-11-2020 |
| ആകെ | ₹473571 | ₹ 249119 | ₹ 15325 | ₹325000 |

വ്യവസായ കേന്ദ്രം പൂർത്തീകരണം, വനിതാ വ്യവസായ കേന്ദ്രം അധിക സൗകര്യമൊരുക്കൽ എന്നീ പ്രോജക്ടുകളിലായി 2019-20, 2020-21 വർഷങ്ങളിലായി ₹10,63,015 (473571+249119+15325+325000) ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. സ. ഉ(കൈ)11/2018/ത.സ്വ.ഭ.വ. തീയതി 29-01-2018 ഖ.3.5.1.(9)പ്രകാരം കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം തയ്യാറാക്കേണ്ടത് എന്ന നിബന്ധന പാലിച്ചിട്ടില്ല.

2. പ്രവൃത്തി പൂർത്തിയാക്കി വനിതകൾക്ക് വ്യവസായ ആവശ്യത്തിന് തുറന്ന് കൊടുത്തിട്ടില്ല.

3. വ്യവസായ ആവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചോയെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ 30/25-08-2021 പ്രകാരമുള്ള ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല.

2015-16 ൽ കെട്ടിട നിർമ്മാണം ആരംഭിച്ച വ്യവസായ കേന്ദ്രം 19.73 ലക്ഷം രൂപയിലധികം ചെലവഴിച്ചിട്ടും നാളിതുവരെ പ്രവർത്തനം ആരംഭിക്കുന്നതിന് സാധിക്കാത്തത് പദ്ധതി ആസൂത്രണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വ്യവസായകേന്ദ്രത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച് തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2020-21 | 26-8-2021 | കെ.എസ്.എ./കെ.എൻ.ആർ./സി.10/953/2021 തീയതി: 06.10.2021 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 564,606 | 212/21 സർക്കാർ സ്കൂളുകൾ ഹൈടെക്ക് ആക്കൽ | 564,606 | - |
| 2 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 199540 | 163/21 നെൽ കൃഷി വിത്ത്, കുമ്മായം, കൂലിചെലവ് | 199540 | - |
| 3 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 401200 | 132/21 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർ ഷിപ്പും ബത്തയും | 401200 | - |
| 4 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 255000 | 26/21 നെൽ കൃഷി വിത്ത്, കുമ്മായം, കൂലിചെലവ് | 255000 | - |
| 5 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 600000 | 43/21 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 600000 | - |
| 6 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 50000 | 232/21 സുഭിക്ഷ കേരളം ഇടവിളകിറ്റ് വിതരണം | 50000 | - |
| 7 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 300000 | 257/21 ലൈഫ് ഭവന പദ്ധതി (എസ്.സി) | 300000 | - |
| 8 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 186000 | 241/21 ലൈഫ് ഭവന പദ്ധതി | 186000 | - |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 533093 | 161/21 ക്ഷീര കർഷകർക്ക് പാലുൽപ്പാദന ബോണസ് | 533093 | - |
| 10 | കണ്ണൂർ ജില്ലാ | 650000 | 192/21 ജലം ജീവാമൃതം ജലാശയ | 650000 | - |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്ത് | | ശുചീകരണം | | |
| 11 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 27000 | 230/21 സുഭിക്ഷ കേരളം പച്ചക്കറിതൈ വിതരണം | 27000 | - |
| 12 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 22000 | 228/21 സുഭിക്ഷ കേരളം കരനെൽകൃഷി | 22000 | - |
| 13 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 29240 | 231/21 കാർഷിക സ്വയംപര്യാപ്ത ഗ്രാമം | 29240 | - |
| 14 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 293995 | 28/21 സാന്ത്വന ചികിത്സ | 293995 | - |
| 15 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 173899 | 257/21 ലൈഫ് ഭവന പദ്ധതി (എസ്.സി) | 173899 | - |
| 16 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 286000 | 241/21 ലൈഫ് ഭവന പദ്ധതി | 286000 | - |
| 17 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 50000 | 227/21 സുഭിക്ഷ കേരളം ആട്ടുവളർത്തൽ യൂണിറ്റ് | 50000 | - |
| 18 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 35925 | 232/21 സുഭിക്ഷ കേരളം ഇടവിളകിറ്റ് വിതരണം | 35925 | - |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൌച്ചർ നമ്പർ | തുക ₹ | ചെലവഴിച്ച തുക ₹ | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | 152/21 പൊതു കുഴൽകിണർ നിർമ്മാണം | 3/20-21/ 13-5-2020 | 222000 | 222000 | പൂർത്തീ കരിച്ചിട്ടില്ല | - |
| ഭൂജല വകുപ്പ് | 18/21 ചോല കുടിവെള്ള പദ്ധതി | 21/20-21 13-5-2020 | 48000 | 48000 | പൂർത്തീ കരിച്ചിട്ടില്ല | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം തിരിച്ചടച്ചത് | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി (KURDFC ലോൺ) | സ.ഉ.(എം.എസ്) നം.2278/ത.സ്വ.ഭ.വ തീയ്യതി: 18-8-2018 | 5636553 | 5268906 | 365686 | 4903220 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹258339 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ₹258339 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹258339 |

| നിക്ഷേപത്തിന്റെ വിവരം | | | | |
|---|---|---|---|---|
| സ്ഥാപനം | സർട്ടിഫിക്കറ്റ് നമ്പർ/ തീയ്യതി | പലിശ നിരക്ക് | കാലാവധി | തുക |
| കനറാ ബാങ്ക്, പട്ടാന്നൂർ | 457411/14-2-2020 | 6% | 2 വർഷം | 258339 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹3015 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീതി നമ്പർ തീയ്യതി |
|---|---|---|---|---|
| 2018-19 | 1-16 | 923 | സനോജ്. ടി.കെ. | 120010102638/5-11-2020 |
| 2018-19 | 1-16 | 540 | സജ്ന. ടി. | 120010102639/5-11-2020 |
| 2018-19 | 1-16 | 1552 | നിസി. എം | 120010103401/19-11-2020 |
| ആകെ | | 3015 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-)0 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | - | 2012-13 | 3-3-6-8 | ആരോഗ്യമേഖല വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല | - |
| 2011-12 | - | 2012-13 | 3-3-6-19 | പൊതുശൌചാലയം | - |

| | | | | | |
|---|---|---|---|---|---|
| | | | | ജനങ്ങൾക്ക് തുറന്ന് കൊടുക്കാത്തത് | |
| 2014-15 | 2.2 | 2016-17 | 2.2 അനുബന്ധം 4 | തൊഴിൽ നികുതി | - |
| 2015-16 | 2.6 | 2017-18 | 2.6 അനുബന്ധം 4 | നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃത കരാർ ചമയ്ക്കൽ | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിച്ചതായി ഗ്രാമ പഞ്ചായത്ത് അറിയിച്ചു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 83171447 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 73824265 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 3900 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 3200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 4322536 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-13 | 3900 | - | ശ്രീ. കെ. രാജൻ, സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| 1-16 | - | 3200 | ശ്രീ. കെ. രാജൻ, സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-17 | 41,646 | ശ്രീ. ദിനേശൻ പാറയിൽ, അസി. സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| 1-21 | 99,602 | ശ്രീ. ദിനേശൻ പാറയിൽ, അസി. സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| 1-23 | 3,76,463 | ശ്രീ. കെ. രാജൻ, സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| 1-24 | 4,91,198 | ശ്രീ. കെ. രാജൻ, സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| 1-26 | 2,70,000 | ശ്രീ. കെ. രാജൻ, സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| 1-27 | 300000 | ശ്രീ. കെ. രാജൻ, സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| 1-28 | 49600 | ശ്രീ. പ്രസാദൻ. കെ.പി, ഹെഡ് മാസ്റ്റർ |

| | | |
|---|---|---|
| 1-29 | 47600 | ശ്രീ. പ്രസാദൻ. കെ.പി, ഹെഡ് മാസ്റ്റർ |
| 1-30 | 245000 | ശ്രീ. പ്രസാദൻ. കെ.പി, ഹെഡ് മാസ്റ്റർ |
| 1-33 | 49175 | ഡോ. സോന ബി നായർ, മെഡിക്കൽ ഓഫീസർ FHC |
| 1-34 | 70339 | ഡോ. സോന ബി നായർ, മെഡിക്കൽ ഓഫീസർ FHC |
| 1-37 | 462500 | ശ്രീ. മഗേഷ്. എസ്, വെറ്ററിനറി സർജൻ |
| 1-38 | 550850 | ശ്രീ. മഗേഷ്. എസ്,വെറ്ററിനറി സർജൻ |
| 1-39 | 281250 | ശ്രീ. ശ്രീജിത്ത്. വി.കെ, വി.ഇ.ഒ കുടാളി |
| 1-40 | 424071 | ശ്രീമതി. ആർദ്ര എസ് കൃഷ്ണ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-41 | 563242 | ശ്രീമതി. ആർദ്ര എസ് കൃഷ്ണ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 4322536 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| നഷ്ടത്തിന് ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. രാജൻ,<br>സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി<br>മുണ്ടേരി ഗ്രാമ പഞ്ചായത്ത് | അയ്യപ്പൻചാലിൽ ഹൗസ്<br>പി.ഒ- കുറ്റ്യാട്ടൂർ, കണ്ണൂർ |
| ശ്രീ. ദിനേശൻ പാറയിൽ,<br>അസി. സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | ശ്രീ. ദിനേശൻ പാറയിൽ,<br>അസി. സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | ചൈത്രം, കൊളോളം<br>ടവർ സ്റ്റോപ്പ് |
| ശ്രീ. പ്രസാദൻ. കെ.പി<br>ഹെഡ് മാസ്റ്റർ GLPS<br>കൊടോളിപ്രം | ഹെഡ് മാസ്റ്റർ<br>ജി.എൽ.പി.എസ്<br>കൊടോളിപ്രം | തണൽ, താറ്റ്യോട്<br>പി. - കുടാളി, കണ്ണൂർ |
| ഡോ. സോന ബി നായർ,<br>മെഡിക്കൽ ഓഫീസർ FHC | മെഡിക്കൽ ഓഫീസർ FHC<br>കുടാളി | അമൻ.<br>ചെട്ടിപ്പീടിക, കണ്ണൂർ |
| ശ്രീ. മഗേഷ്. എസ്,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>കുടാളി | കണ്ണോത്ത് ഹൌസ്<br>വേങ്ങാട്, കണ്ണൂർ |
| ശ്രീ. ശ്രീജിത്ത്. വി.കെ<br>വി.ഇ.ഒ കുടാളി | ശ്രീ. ശ്രീജിത്ത്. വി.കെ<br>വി.ഇ.ഒ കുടാളി | രാംഭവൻ പോലീസ് നഗർ<br>കിഴുത്തള്ളി, കണ്ണൂർ |
| ശ്രീമതി. ആർദ്ര എസ് കൃഷ്ണ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | സൌപർണിക, AMRA 31<br>അമ്പാടിമൂല,<br>എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1999-2000 | നം.കെ.എസ്.എ/കെ..എൻ.ആർ/സി 10/757/19 തീയതി 6-6-19 | 1 |
| 2003-04 | നം.കെ.എസ്.എ/കെ..എൻ.ആർ/സി 10/757/19 തീയതി 6-6-19 | 1 |
| 2004-05 | നം.കെ.എസ്.എ/കെ..എൻ.ആർ/സി 10/757/19 തീയതി 6-6-19 | 2 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/757/19 തീയതി 6-6-19 | 2 |
| 2007-08 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/757/19 തീയതി 6-6-19 | 1 |
| 2008-09 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/757/19 തീയതി 6-6-19 | 5 |
| 2009-10 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/757/19 തീയതി 6-6-19 | 5 |
| 2010-11<br>2011-12 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/757/19 തീയതി 6-6-19 | 5 |
| 2012-13 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/28/19 തീയതി 6-4-18 | 3 |
| 2013-14<br>2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/757/19 തീയതി 6-6-19 | 3 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/757/19 തീയതി 6-6-19 | 6 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/1837/18 തീയതി 15-12-18 | 25 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/702/2020 തീയതി 30-9-20 | 14 |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ./ സി.10/952/21 തീയതിഃ | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കുടാളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annex3

# ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്

## RECEIPT AND PAYMENT STATEMENT OF KOODALI GRAMA PANCHAYAT

## FOR THE PERIOD FROM 1-4-2020 TO 31-3-2021

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 39820802.68<br>127053 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1537760 |
| 140000000 | Fees & User Charges | RP-4 | 1261051 |
| 150000000 | Sale & Hire Charges | RP-5 | 214773 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 62315347 |
| 171000000 | Interest Earned | RP-9 | 1463908 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8539065 |
| 340000000 | Deposits Received | RP-34 | 3000 |
| 350000000 | Other Liabilities | RP-36 | 370923 |
| Non operating | | | |
| 180000000 | Other Income | RP-10 | 11600 |
| 311000000 | Earmarked Fund | RP-29 | 63418 |
| 340000000 | Deposits Received | RP-34 | 811923 |
| 350000000 | Other Liabilities | RP-36 | 390074 |
| 431000000 | Sundry Debtors (Receivables) | RP-43 | 6188605 |
| Grand Total | | | 123119302 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2638974 |
| 220000000 | Administrative Expenses | RP-12 | 891032 |
| 230000000 | Operations & Maintenance | RP-13 | 1398621 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 8302189 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 16571139 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 2257164 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 1893435 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 755520 |

| | | | |
|---|---|---|---|
| 255000000 | Maintance Projects | RP-20 | 9296823 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000 |
| 280000000 | Prior Period Item | RP-26 | -109883 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 165503 |
| 340000000 | Deposits Received | RP-34 | 12000 |
| 350000000 | Othes Liabilities | RP-36 | 5671482 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 1513 |
| 280000000 | Prior Period Item | RP-26 | -47100 |
| 311000000 | Earmarked Funds | RP-29 | 20000 |
| 340000000 | Deposits Received | RP-34 | 91561 |
| 350000000 | Other Liabilities | RP-36 | 2726580 |
| 410000000 | Fixed Assets | RP-38 | 17867725 |
| 412000000 | Capital Work in Progress | RP-40 | 273498 |
| 431000000 | Sundry Debtors (Receivables) | RP-43 | 122800 |
| 460000000 | Loans, Advances and Deposits | RP-47 | 2523689 |
| | Closing Balance | | |
| | Bank<br><br>Cash | RP-40(b)<br><br>RP-40(b) | 49153004.68<br><br>142033 |
| Grand Total | | | 123119302.68 |

INCOME AND EXPENDITURE STATEMENT OF KOODALI GRAMA PANCHAYAT

FOR THE PERIOD FROM 1-4-2020 TO 31-3-2021

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 7549040 |
| 130000000 | Rental Income from Panchayat Properties | I-3 | 285410 |
| 140000000 | Fees & User Charges | I-4(b) | 1581124 |
| 150000000 | Sale & Hire Charges | I-5(b) | 723643 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 176436424 |
| 171000000 | Interest Earned | I-8 | 1463908 |
| 180000000 | Other Income | I-9 | 11600 |
| A | Total Income | | 188051149 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10470828 |
| 220000000 | Administrative Expenses | I-11(b) | 1285464 |
| 230000000 | Operations & Maintenance | I-12(b) | 2115794 |
| 240000000 | Interest & Finance Charges | I-13 | 1513 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector | I-14 | 9559354 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 50131216 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2641104 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 1959784 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 64894920 |
| 255000000 | Maintance Projects | I-14(e) | 9342753 |
| 260000000 | Grants, Contributions and Compensations from own Fund | I-15 | 500000 |
| 272000000 | Depreciation | I-17(a) | 13090069 |
| B | Total Expenditure | | 165992799 |
| C=A-B | Gross Surplus / Defict Income over Expenditure | | 22058350 |
| D= 280000000 | Prior Period Item | I-18 | -149837 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 22208187 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

BALANCE SHEET OF KOODALI GRAMA PANCHAYAT AS ON 31-3 -2021

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 34760784.63 |
| 311000000 | Earmarked Funds | B-2 | 57779 |
| 312000000 | Reserves | B-3 | 64428559 |
| | Total Reserve & Surplus | | 99247122.63 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 6446227 |
| | Total Grants,Contribution for specific purposes | | 6446227 |
| | Loans | | |
| 330000000 | Secured Loans | B-5 | 4903220 |
| | Total Loans | | 4903220 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 834561 |
| 350000000 | Other Liabilities | B-9 | 2190332.7 |
| | Total Current Liabilities and Provisions | | 3024893.7 |
| | TOTAL LIABILITIES | | 113621463.33 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 134820372 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -73418187 |
| 412000000 | Capital Work In Progress | B-11(a) | 273498 |
| | Total Fixed Assets | | 61675683 |
| | Investments | | |
| 420000000 | Investments | B-12 | 258339 |
| | Total Investments | | 258339 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 137280.65 |
| 450000000 | Cash and Bank balance | B-17 | 49295037.68 |
| 460000000 | Loans, Advances and Deposits | B-18 | 2255123 |
| | Total Current Assets,Loans and Advances | | 51687441.33 |
| | TOTAL ASSETS | | 113621463.33 |

DEPUTY DIRECTOR
DISTRICT AUDIT OFFICE KANNUR
KERALA STATE AUDIT DEPARTMENT